സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി

Suviseshadhwani

2025 ജനുവരി 04

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 42. • ISSUE 33 • പുസ്തകം 42 • ലക്കം 33 • പേജ് 6

## അനുഗ്രഹത്തിന്റെ താക്കോൽ

റ്റി.എ. കുര്യൻ സാഗർ

> **ഏതൊരുവന്റെ പ്രമോദം മനുഷ്യപുത്രന്മാരോടു കൂടെയോ അവൻ മനുഷ്യരോടു ദാനങ്ങളെ വാങ്ങി അവരെ ആശീർവദിക്കുന്നു. അവനു എന്തെങ്കിലും വേണമെന്നോ? ഒരിക്കലുമില്ല. ഭക്ഷണപാനങ്ങൾ അവനു ആവശ്യമില്ലല്ലോ. സമസ്തദ്രവ്യസമ്പത്സുഖങ്ങളും അനന്ത നിക്ഷേപങ്ങളും അവനുള്ളതാണല്ലോ. എങ്കിലും മനുഷ്യഹസ്തങ്ങളിൽ താൻ പ്രദാനം ചെയ്ത വസ്തുക്കളിൽ ചിലതു താൻ തിരികെ വാങ്ങുന്നു. ഇത് അവരുടെ പ്രയോജനത്തിനും നന്ദിയുടെ പ്രദർശനത്തിനുമായിട്ടാണുദ്ദേശിക്കപ്പെട്ടിരിക്കുന്നത്.**

ജനം യഹോവയ്ക്കു, കൊടുക്കണമെന്നുള്ളതു യഹോവയുടെ നിയമമാണ്. മനുഷ്യനുമായി ദൈവം ഇടപെടാൻ തുടങ്ങിയനാൾ മുതൽ ഇതു താൻ ആഗ്രഹിക്കുകയും ദൈവത്തെ പ്രസാദിപ്പിച്ച ഭക്തന്മാർ എല്ലാവരും യഹോവയ്ക്കു കൊടുത്തു സംതൃപ്തിയടയുകയും ചെയ്തു. മനുഷ്യൻ യഹോവയ്ക്കു നല്കാവുന്ന അത്യുത്തമമായ ദാനം എന്താണ്? അഥവാ സർവ്വശക്തനായവൻ മനുഷ്യപുത്രന്മാരോട് ആവശ്യപ്പെടുന്ന ദാനം എങ്ങനെയുള്ളതാണ്? അവൻ സർവ്വഭൂമണ്ഡലത്തിലും നിറഞ്ഞിരിക്കുന്നവനും അഖിലാണ്ഡത്തിന്റെ സ്രഷ്ടാവുമായിരിക്കെ മനുഷ്യമക്കളായ നമ്മോട് വല്ല ദാനവും ആവശ്യപ്പെടുന്നുവെന്നോ?

ഏതൊരുവന്റെ പ്രമോദം മനുഷ്യപുത്രന്മാരോടു കൂടെയോ അവൻ മനുഷ്യരോടു ദാനങ്ങളെ വാങ്ങി അവരെ ആശീർവദിക്കുന്നു. അവനു എന്തെങ്കിലും വേണമെന്നോ? ഒരിക്കലുമില്ല. ഭക്ഷണപാനങ്ങൾ അവനു ആവശ്യമില്ലല്ലോ. സമസ്തദ്രവ്യസമ്പത്സുഖങ്ങളും അനന്ത നിക്ഷേപങ്ങളും അവനുള്ളതാണല്ലോ. എങ്കിലും മനുഷ്യഹസ്തങ്ങളിൽ താൻ പ്രദാനം ചെയ്ത വസ്തുക്കളിൽ ചിലതു താൻ തിരികെ വാങ്ങുന്നു. ഇത് അവരുടെ പ്രയോജനത്തിനും നന്ദിയുടെ പ്രദർശനത്തിനുമായിട്ടാണുദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

ഏതു രാഷ്ട്രവും അതിന്റെ അധീനതയിലുള്ള ജനത്തിൽ നിന്ന് ഓഹരി വാങ്ങുന്നുണ്ട്. നികുതി, ചുങ്കം, കരം, മനഃപൂർവ്വദാനം ഇത്യാദി മാർഗ്ഗേണ രാഷ്ട്രത്തോടുള്ള ബന്ധത്തെ നാം പുലർത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ ദാനം അതിന്റെ നിലനിൽപ്പിനും കെട്ടുപണിക്കും ഉതകുന്നു. കൂടാതെ ഏതുലോകരാഷ്ട്രങ്ങളും തങ്ങളുടെ അധികാരപരിധിയിൽപ്പെട്ട ജനസഞ്ചയത്തോടു മാത്രമേ വല്ലതും വാങ്ങാറുള്ളൂ. അതിർത്തിക്കു വെളിയിൽ അവയ്ക്കു യാതൊരു അധികാരവുമില്ല. നാം ഏതു ഭരണകൂടത്തിൽപ്പെട്ടവരാണു എന്നുള്ള വാസ്തവത്തെ നമ്മുടെ ദാനങ്ങൾ വ്യക്തമാക്കുന്നു. അതേ പ്രകാരംതന്നെ സ്വർഗ്ഗീയരാഷ്ട്രവും അതിലുൾപ്പെട്ട പ്രജകളോടു മാത്രമേ എന്തെങ്കിലും വാങ്ങുന്നുള്ളൂ. നാം ദൈവികമായ കടപ്പാടുകളെ നിർവ്വഹിക്കുമ്പോൾ നമുക്കും ദൈവത്തോടുള്ള ബന്ധത്തെയും സ്വർഗ്ഗത്തിന് നമ്മുടെ മേലുള്ള അധികാരത്തെയും പ്രദർശിപ്പിക്കുകയാണു ചെയ്യുന്നത്. ദൈവത്തിന്റെ സ്നേഹ സ്വരൂപനായ പുത്രൻ മുഖാന്തരം അന്ധകാരത്തിന്റെ പ്രഭുവിന്റെ ബന്ധനത്തിൽ നിന്നു വിമുക്തരായി വേറൊരു രാജാവിനു (വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തരാക്കിയ സ്വർഗ്ഗീയപിതാവിനു കൊലോ. 1:10) കീഴ്പ്പെട്ടിരിക്കുന്ന ഒരു രക്ഷിത വർഗ്ഗം എന്നുള്ള നിലയിലാണ് ഇന്നു നമ്മുടെ കടപ്പാടുകളെ നിർവഹിക്കുവാൻ ദൈവം നമ്മോട് ആജ്ഞാപിക്കുന്നത്. ഇതിനു നാം ഏതു രാജ്യത്തിന്റെ പ്രജകൾ (സ്വർഗ്ഗീയരാഷ്ട്രത്തിന്റെയോ സാത്താന്യ രാഷ്ട്രത്തിന്റെയോ) എന്ന് ആദ്യം തീരുമാനിക്കേണ്ടിയിരിക്കുന്നു.

ദൈവത്തിന്റെ പ്രജകൾ എന്നുള്ള വിലയേറിയ പദവി ക്രിസ്തുയേശുമൂലം കൈവരുത്തിയിട്ടുള്ള ജനത്തിനു മാത്രമേ ദൈവത്തിനു പ്രസാദകരമായ യാഗങ്ങൾ അർപ്പിക്കുവാൻ കഴിയുകയുള്ളൂ. "അവർ മുമ്പേ തങ്ങളെത്തന്നെ കർത്താവിനും പിന്നെ ദൈവേഷ്ടത്തിനൊത്തവണ്ണം ഞങ്ങൾക്കും ഏല്പിച്ചു" (2 കൊരി. 8:5) എന്നുള്ള പ്രസ്താവന നമ്മേപ്പറ്റിയും, അന്വർത്ഥമാകുമ്പോൾ മാത്രമേ നമ്മുടെ അനുഷ്ഠാനങ്ങൾക്കും ശുശ്രൂഷകൾക്കും വിലയുണ്ടാകുകയുള്ളൂ. കർത്താവിന് എന്തെങ്കിലും കൊടുക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനു മുൻപായി തന്നെത്താൻ കർത്താവിനു കൊടുത്തിരിക്കണം അങ്ങനെയുള്ളവരിൽ നിന്ന് കർത്താവ് ദാനങ്ങൾ വാങ്ങുവാൻ ആഗ്രഹിക്കുന്നു! ഈ സംഗതി ദൈവവുമായിട്ട് ബന്ധത്തിൽ ഇരിക്കുന്ന ജനത്തെ സംബന്ധിച്ചിടത്തോളം വാസ്തവമാണ്.

എന്നാൽ ദൈവത്തിന്റെ അധികാരസീമ ഇതിലും വിസ്തൃതമാണ്. സ്രഷ്ടാവെന്ന നിലയിൽ അവന് സകല മനുഷ്യജാതിയുടെമേലും പരമാധികാരമുണ്ട്. സകല ലോകവും ദുഷ്ടനിൽ കിടക്കുന്നെങ്കിലും എല്ലാറ്റിന്റെയും അധിഷ്ഠാതാവും നിയമകനും സർവ്വശക്തൻ തന്നെയാണ്. അവന്റെ ആജ്ഞാശക്തിയാൽ സകലവും ഭരിക്കപ്പെടുന്നു. ദൃശ്യമായതും അദൃശ്യമായതും അവനുള്ളതാണ്. എല്ലാറ്റിന്റെയുംമേൽ അവന് ഒരുപോലെ അധികാരമുണ്ട്. ഈ നിയമം മൂലം സകല മനുഷ്യവർഗ്ഗത്തിനും ദൈവത്തോട് ഒരു കടപ്പാടുണ്ട്. ദൈവത്തിന്റെ പരമേഷ്ടപ്രകാരമല്ലെങ്കിലും സമസൃഷ്ടികളോടുള്ള ബന്ധത്തെ പുലർത്തുവാനും സർവ്വശക്തന്റെ പരമകാരുണികതയ്ക്കും സാക്ഷ്യം വഹിക്കുവാനും ഏതൊരു വ്യക്തിക്കും ഔദാര്യം പ്രദർശിപ്പിക്കാവുന്നതാണ്. "എളിയവനോടു കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു" എന്നു ദൈവവചനം ശക്തിയായി ഉത്ഘോഷിക്കുന്നുണ്ട്. (സദൃ. 19:17) എന്നാൽ ഇത്തരം ദാനം യാതൊരു തരത്തിലും ദാതാവിന്റെ ആത്മ ശാന്തിക്കോ ആത്മ രക്ഷയ്ക്കോ ഉതകുന്നതല്ല. ഇവ അവകാശമാക്കുവാൻ ക്രിസ്തുവേശുവിൽക്കൂടെ സൗജന്യമായി ലഭിക്കുന്ന കൃപാദാനം (ആത്മാവിന്റെ രക്ഷയും പാപമോചനവും) കൈനീട്ടി വാങ്ങിക്കുകയല്ലാതെ അന്യശരണമില്ല.

### സ്വമേധാ ദാനം

മനുഷ്യസൃഷ്ടിയുടെ ആരംഭംമുതൽ ദൈവം അനുഗ്രഹങ്ങളുടെ ദാതാവും ഗ്രഹീതാവും ആയിട്ടാണിരിന്നിട്ടുള്ളത്. ഏദനിൽ ദൈവം യാഗസമ്പ്രദായം ഏർപ്പെടുത്തി. യാഗം പാപപരിഹാരത്തിനായും ദൈവത്തോടുള്ള നിരപ്പിനാ

▶▶ ശേഷം 2-ാം പേജിൽ

## പ്രവാചക വീരനായ യറമിയാ

സി.ഐ. കുഞ്ഞിക്ക

> **അഞ്ചു വർഷം കഴിഞ്ഞ് ബി.സി. 616 – ലോ 617 – ലോ, അവൻ പ്രവാചകശുശ്രൂഷയ്ക്കു വിളിക്കപ്പെട്ടു (യറ. 1:4–16) തന്റെ അമ്മയുടെ ഗർഭം മുതൽക്കു ദൈവം ഈ വേലയ്ക്കു തന്നെ തിരഞ്ഞെടുത്തിരിക്കുന്നുവെന്ന് അവൻ അറിഞ്ഞ്, നാല്പതു കൊല്ലത്തോളം (626–586 വരെ) യിസ്രയേല്യരുടെ ഇടയിൽ വേല ചെയ്തു. അവന്റെ കുടുംബക്കാരും അയൽവാസികളും യെരുശലേമിലുള്ള ആചാര്യന്മാരും കള്ളപ്രവാചകന്മാരും, രാജാക്കന്മാരും, സേനാപതികളും പ്രസ്തുത ശുശ്രൂഷയിൽ അവന്റെ ശത്രുക്കളായിത്തീർന്നു**

യെരുശലേമിൽ നിന്നു വടക്കു കിഴക്കു ദിക്കിനെ അഭിമുഖീകരിച്ച് ഒന്നേകാൽ മണിക്കൂർ യാത്ര ചെയ്താൽ അനാഥോത്ത് അഥവാ അനാഥ എന്നു പേരുള്ള ഗ്രാമത്തിൽ എത്താം. ഈ ഗ്രാമത്തിനും ചാവുകടലിനും മദ്ധ്യേ വിസ്തൃതമായ ഒരു മണലാരണ്യമുണ്ട്. മേല്പടി ഗ്രാമത്തിലുള്ള ഒരു പുരോഹിത കുടുംബത്തിൽ ഉദ്ദേശം ബി.സി. 650–ൽ യറമിയാ പ്രവാചകൻ ജനിച്ചു. അവന്റെ ബാല്യദശയിൽ സ്വജാതിക്കാരായ യഹൂദന്മാർ ദൈവഭയമില്ലാത്തവരും സ്വേച്ഛാനുവർത്തികളുമായി ജീവിച്ചു. യഹോവായെക്കൂടാതെ വേറെയും ദൈവങ്ങൾ ഉണ്ടെന്നു അവർ ചിന്തിച്ച് ജാതികളായ കനാന്യരെപ്പോലെ സൂര്യചന്ദ്ര നക്ഷത്രാദി ഗോളങ്ങളെയും മറ്റു മിഥ്യാമൂർത്തികളെയും ആരാധിച്ച് നിരവധി ദുരാചാരങ്ങൾക്കു വശംവദരായിത്തീർന്ന് തങ്ങളുടെ ജാതീയമായ ശുദ്ധിയെ നഷ്ടപ്പെടുത്തിയിരുന്നു. ഈ ഘട്ടത്തിൽ ആവർത്തനപ്പുസ്തകത്തോടു സമാനാർത്ഥമുള്ള ഒരു ന്യായപ്രമാണച്ചുരുൾ ബി.സി. 621–ൽ യെരുശലേം ദൈവാലയത്തിൽ നിന്നു യദൃച്ഛയാ കണ്ടുകിട്ടി. ദിവ്യസന്ദേശങ്ങൾ അടങ്ങിയ ആ പുസ്തകത്തെ യോശിയാരാജാവ് അത്യന്തഭക്തി പൂർവ്വം അംഗീകരിച്ച് അതിലേ ഉപദേശപ്രകാരം തന്റെ രാജ്യത്തിൽ വേണ്ട മതനവീകരണം നടത്തി (2 രാജാ. 23–ാം അ:) യറമിയാ, ഇസ്സംഗതികളെല്ലാം അറിവുണ്ടായിരുന്നുവെങ്കിലും രാജാവിനാൽ നടത്തപ്പെട്ട ഈ മത പരിഷ്കരണത്തിൽ പങ്കെടുത്തുവെന്നുള്ളതിനു മതിയായ വേദസാക്ഷ്യം കാണുന്നില്ല. നേരേമറിച്ച് രാജാവിന്റെ നിർബന്ധ ചട്ടങ്ങൾ കൊണ്ട് ജനങ്ങളുടെ ഹൃദയം നന്നാകുവാനിടയില്ലെന്നറിഞ്ഞ് അതിനേ അവൻ അലക്ഷ്യമായി ഗണിച്ചിരിക്കണം (യറ. 8:3).

▶▶ ശേഷം 4-ാം പേജിൽ

## വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ

## പ്രാർത്ഥനാ സമ്മേളനം

ദൈവഹിതമായാൽ വൈ.എം.ഇ.എഫ് സൗത്ത് ഡിവിഷന്റെ ചുമതലയിലും തിരുവല്ല TMM ബ്രദറൺ അസംബ്ലിയുടെയും, വൈ.എം.ഇ.എഫ്. കല്ലിശ്ശേരി സെന്ററിന്റെയും സഹകരണത്തിലും **2025 ജനുവരി 26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ തിരുവല്ല മെഡിക്കൽ മിഷൻ ഓഡിറ്റോറിയത്തിൽ** (കാന്റീന് മുകളിൽ) വച്ച് പ്രാർത്ഥനാ സമ്മേളനം നടത്തുവാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. വചനശുശ്രൂഷ **സഹോ. കെ.സി. ജോൺസൺ (മാവേലിക്കര)** നിർവ്വഹിക്കുന്നതാണ്. പ്രസ്തുത പ്രാർത്ഥനാ യോഗത്തിൽ എല്ലാ സഹോദരൻമാരും കടന്നു വന്നു സംബന്ധിക്കുവാൻ കർതൃനാമത്തിൽ അഭ്യർത്ഥിച്ചു കൊള്ളുന്നു.

പ്രാർത്ഥനാ സമ്മേളനത്തിനുവേണ്ടി

മാത്യു റ്റി.ജി (പ്രയർ കോ-ഓർഡിനേറ്റർ), ഫോൺ : 9846778283

പ്രാർത്ഥിക്കുക...... ഒരുങ്ങുക..... കടന്നുവരിക.....

സുവിശേഷ ക്യാമ്പ് പത്തനംതിട്ട ചെങ്ങറയിൽ

2025 ജനുവരി 30, 31 ഫെബ്രുവരി 1

എഡിറ്റോറിയൽ പേജ് 2 | ഒരദ്ധ്യായം ഒരിത്തിരി ചിന്ത പേജ് 3 | യുവലോകം പേജ് 4 | മഹത്വത്തിൽ പേജ് 5 | ചിന്താശകലം പേജ് 6

SUVISESHADHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2025 ജനുവരി 04/ പുസ്തകം 42 ലക്കം 33

എഡിറ്റോറിയൽ

# പുതിയ വർഷത്തിൽ പ്രത്യാശയോട്

വീണ്ടും നാം ഒരു പുതുവർഷത്തിലേക്ക് കടന്നിരിക്കയാണല്ലോ. കഴിഞ്ഞ വർഷത്തിന്റെ ആരംഭം കണ്ട ജനലക്ഷങ്ങൾക്ക് ലഭിക്കാത്ത മഹാഭാഗ്യം നമ്മൾക്ക് ലഭിച്ചത് കൊണ്ടാണ് ഈ വരികൾ നാം വായിക്കുന്നത്. ഒരു പക്ഷെ നമ്മൾ സ്നേഹിച്ചവർ, നമ്മെ സ്നേഹിച്ചവർ, അങ്ങനെ നമ്മൾക്ക് പ്രിയപ്പെട്ടവർ അനേകർ ഇന്ന് നമ്മോടു കൂടെയില്ല. എന്നാൽ നമ്മുടെ കർത്താവിന്റെ വരവിനോട് നാം ഒരു വർഷം കൂടി അടുത്തുവെന്നത് നാം അറിയുന്നു. ആയതിനാൽ ആ അറിവ് നമ്മുടെ ജീവിതത്തിൽ വെളിപ്പെടുവാൻ നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നു. ഈ പുതു വർഷത്തിലും നമ്മുടെ പ്രത്യാശ വർദ്ധിക്കണമെങ്കിൽ നമ്മൾ കൂടുതൽ ആത്മീകരായെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. അതായിരിക്കട്ടെ നമ്മുടെ ജീവിതലക്ഷ്യവും.

വളരെ ശുഭാപ്തി വിശ്വാസത്തോടെ ആരംഭിച്ച 2024, എങ്ങനെയാണ് പര്യവസാനിച്ചത്? അല്ലെങ്കിൽ നമ്മുടെ ആഗ്രഹങ്ങൾ സഫലമായിത്തീർന്നോ? നമ്മുടെ ജീവിതത്തിൽ കാര്യമായ എന്തെങ്കിലും 'ആത്മീകപുരോഗതി' ഉണ്ടായോ? ഇങ്ങനെ നാം ചിന്തിക്കുന്ന പല ചോദ്യങ്ങൾക്കും നിഷേധാത്മങ്ങളായ ഉത്തരമല്ലെ ലഭിക്കുന്നത്? ഓരോ പുതുവർഷവും നാം ആരംഭിക്കുന്നത് പുതിയ തീരുമാനങ്ങളോടെ, പ്രതീക്ഷകളോട് ഒക്കെയാണ്. ചില 'പ്രവാചകന്മാർ' എല്ലാ വർഷവും 'സമൃദ്ധിയുടെ വർഷം' എന്ന പ്രവചനം നടത്തി 'വിശ്വാസികളെ' ചൂഷണം ചെയ്യുന്നതിനും നമ്മൾ സാക്ഷികളാണ്. എന്നാൽ സംഭവിക്കുന്നത് ദൈവീകനിശ്ചയപ്രകാരം മാത്രം. ദൈവം തന്റെ സ്വന്തജനമായ യിസ്രായേലിനെ അവരുടെ പാപത്തിന് തക്ക ശിക്ഷ ഭൂമിയിൽ തന്നെ കൊടുത്തെങ്കിലും നമ്മോടും എങ്ങനെ ഇടപെടും എന്ന് ചിന്തിക്കാവുന്നതേയുള്ളു. നമ്മൾക്ക് വിധിക്കുവാൻ ആവശ്യമില്ലങ്കിലും പലതും കാണുമ്പോൾ അങ്ങനെ തോന്നാറില്ലേ ?

കഴിഞ്ഞ വർഷം തുടങ്ങിയപ്പോൾ രണ്ട് യുദ്ധങ്ങൾ നടക്കയായിരുന്നല്ലോ. ഇന്നും അത് തീർന്നിട്ടില്ലെന്ന് മാത്രമല്ല, അതിന്റെ വ്യാപ്തി വർദ്ധിക്കയും ചെയ്തിരിക്കുകയാണ്. നിരപരാധികളായ വലിയൊരു കൂട്ടം അതിന്റെ പരിണിതഫലം അനുഭവിക്കുന്നു. എന്തൊക്കെ നാശനഷ്ടങ്ങളാണ് ഈ യുദ്ധങ്ങൾ വരുത്തിവയ്ക്കുന്നത് ? എത്രയോ പേർ നിനച്ചിരിക്കാത്ത നാഴികയിൽ ഭൂമിയിൽ നിന്നും മാറ്റപ്പെട്ടു കഴിഞ്ഞു. ഇനിയും അതിന്റെ ഇരകൾ അനുഭവിക്കുന്ന കഷ്ടങ്ങൾ കണക്കാക്കപ്പെട്ടിട്ടില്ല.

മനുഷ്യർ ശാസ്ത്രീയമായും സാമ്പത്തികമായും ഉന്നമനം പ്രാപിക്കുന്നതായി അവകാശപ്പെടുമ്പോൾ ഒരു വിഭാഗം ദാരിദ്ര്യത്തിലേക്ക് തള്ളപ്പെടുകയാണ്. അതിന് കാരണം നമ്മുടെ സ്വാർത്ഥതയല്ലേ? ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ഭൂമിയിൽ മനുഷ്യർ എത്ര വർദ്ധിച്ചാലും ഒന്നിനും കുറവ് വരാതെ ആവശ്യമായതൊക്കെ കരുതിയിട്ടുണ്ട്. പക്ഷെ ദൈവം മനുഷ്യർക്കായി ഒരുക്കിയത് ഒരു കൂട്ടം ആൾക്കാർ പിടിച്ചെടുക്കയാണ്. വർഷങ്ങൾ കഴിയും തോറും അത് കൂടി വരികയാണ്. നമ്മുടെ രാജ്യത്താണെങ്കിൽ ചില മതസ്ഥാപനങ്ങളും പണം സ്വരുക്കൂട്ടുകയാണ്. ഉദാഹരണത്തിന്; ഒരു കാലത്ത് ഈ രാജ്യത്തെ മതങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമൂഹത്തിന്റെ നന്മക്കായി പ്രയയോജനീഭവിച്ചിരുന്നെങ്കിൽ ഇന്ന് ഒരു ധനാഗമന മാർഗ്ഗമായി മാറിയില്ലേ ?

ഇതൊക്കെ ലോകമനുഷ്യരുടെ കാര്യമാണെന്ന് നാം ഒരു പക്ഷെ വാദിച്ചേക്കാം. എന്നാൽ വിശ്വാസസമൂഹവും അധഃപ്പതിച്ചില്ലേ? എന്താണ് നമ്മുടെ ദേശത്തിന്റെ ധാർമ്മിക മൂല്യശോഷണത്തിന് കാരണം എന്ന് നാം അന്വേഷിക്കാറുണ്ടോ ? വിശ്വാസികളായ നമ്മുടെ കാഴ്ചപ്പാട് കഴിഞ്ഞ ചില പതിറ്റാണ്ടുകളായി മാറി മറിഞ്ഞിരിക്കയാണ്. ഒരു കാലത്ത് പാപമെന്നും തെറ്റെന്നും നമ്മൾ ദൈവവചന അടിസ്ഥാനത്തിൽ വിശ്വസിച്ചിരുന്ന പലതും "കുഴപ്പമില്ല, അതിന്റെ പശ്ചാത്തലം കൂടെ മനസ്സിലാക്കി തീരുമാനിക്കണം" എന്നൊക്കെയാണ് ഇന്ന് പറയുന്നത്. ഉദാഹരണത്തിന്; ദൈവം വെറുക്കുന്ന ഒരു പാപമായി മലാഖി രേഖപ്പെടുത്തിയിരിക്കുന്നതാണ് വിവാഹമോചനം. എന്നാൽ നമ്മുടെ സഭകളിൽ അതും സർവസാധാരണമായിരിക്കയാണല്ലോ. നമ്മൾക്ക് എല്ലാറ്റിനും ന്യായീകരണമുണ്ടാവാം; പക്ഷെ ദൈവസന്നിധിയിൽ എങ്ങനെ ന്യായീകരിക്കും ?.

ഇനി സഭകളുടെ ഉള്ളിൽ എന്താണ് നടക്കുന്നത് ? കൊരിന്ത് സഭയിൽ നടന്നിരുന്ന അഴിമതിയെക്കുറിച്ച് നമ്മൾ പ്രസംഗിക്കുകയും അതിലും ദോഷകരമായതിന് കണ്ണടക്കയും ചെയ്യുന്നു. മൂപ്പന്മാർക്ക് അധികാരം വേണം, സ്ഥാനം വേണം; അല്ലാതെ ആട്ടിൻകൂട്ടത്തെ മേയിക്കുവാൻ താല്പര്യം നഷ്ടപ്പെടുന്നു. ആടുകൾ അവരുടെ ശബ്ദം കേൾക്കുവാൻ ഇഷ്ടപ്പെടുന്നുമില്ല. എത്ര ദുഃഖകരം! ആർക്കും എന്തും സഭകളിൽ ചെയ്യാൻ ഉള്ള സ്വാതന്ത്ര്യം ഇന്ന് വർദ്ധിച്ചിരിക്കയാണ്. 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന സ്ഥിതിവിശേഷം. എന്നാൽ ദൈവവചന പ്രകാരം ദൈവസഭയെ തകർക്കുന്നവരെ ദൈവം വെറുതെ വിടുമോ? ഇന്ന് ദൈവസഭ അതിനുള്ളിൽ നിന്നാണ് ഏറ്റവും അധികം വെല്ലുവിളികൾ നേരിടുന്നത്. അതായത് അനാത്മീകത്വം സഭകളിൽ കടന്നു കയറി സഭകളുടെ ദൈവീക ഉദ്ദേശം ഇല്ലാതാക്കുകയാണ്. കർത്താവ് തന്റെ സഭയെ പണിയുന്നത് കറ, ചുളുക്കം തുടങ്ങി യാതൊരു കുറവും ഇല്ലാതെ കാണുവാനാണ്.

പ്രിയ സഹോദരന്മാരെ, നമ്മൾക്ക് ഇതിനൊരു മാറ്റം ആവശ്യമില്ലേ ? കർത്താവിന്റെ ആഗമനം അടുത്തിരിക്കുന്നുവെന്ന് നമ്മൾ ബുദ്ധി കൊണ്ട് മനസിലാക്കുന്നു. എന്നാൽ പ്രവർത്തിയിൽ കാണുന്നില്ല. അബ്രഹാം തുടങ്ങിയ പിതാക്കന്മാർ നമ്മൾക്ക് മാതൃകയാണ്. അവർ വിശ്വസിച്ചത് ജീവിച്ചുവെന്ന് യാക്കോബ് വളരെ വ്യക്തമായി നമ്മെ ഓർമ്മിപ്പിക്കുന്നു. പക്ഷെ നമ്മൾ എങ്ങനെയെന്ന് നമ്മെ ഒന്ന് ശോധന ചെയ്യാൻ ഈ പുതിയ വർഷത്തിന്റെ ആദ്യദിവസങ്ങളിൽ ഒന്ന് ശ്രമിച്ചു നോക്കാം.

നമ്മുടെ കർത്താവ് വരാറായി. അത് ഈ വർഷത്തിൽ തന്നെ ഉണ്ടായെങ്കിൽ എത്ര നന്നായിരുന്നു ! പ്രത്യാശയോട് നമ്മൾക്ക് ഈ പുതുവർഷത്തിൽ ദൈവനാമമഹത്വത്തിനായ് ജീവിക്കാം. ●

1-ാം പേജ് തുടർച്ച

# അനുഗ്രഹത്തിന്റെ താക്കോൽ

യും ഉദ്ദേശിക്കപ്പെട്ടിരുന്നു. എല്ലാത്തര യജ്ഞത്തിലും ഈ ആശയം പ്രകടമായിക്കാണാം. എന്നാൽ ദൈവത്തിന് സൗരഭ്യവാസനയായ യാഗങ്ങൾ സ്വേച്ഛാനുസാരം അർപ്പിക്കുവാനും അതുമുഖേന ദൈവത്തോടുള്ള നന്ദിയെ പ്രദർശിപ്പിക്കുവാനും വ്യക്തികൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇവിടെയും ദൈവം തന്റെ പ്രജകളിൽ നിന്ന് ഉപകാരസ്മരണയുടെ മുഖ്യഫലങ്ങളെ അംഗീകരിക്കുവാൻ താൽപ്പര്യമുള്ളവനായി കാണപ്പെടുന്നു. മരുഭൂമിയിൽ യിസ്രയേലിന്റെ സർവ്വസഭയോടും "നിങ്ങളുടെ ഇടയിൽനിന്ന് യഹോവയ്ക്ക് ഒരു വഴിപാട് എടുപ്പിൻ" (പുറ. 35:5) എന്നു കൽപിച്ചു. നല്ല മനസ്സുള്ളവനെല്ലാം യഹോവയ്ക്കു വഴിപാടുകൊണ്ടുവരേണം എന്നായിരുന്നു ആജ്ഞ. അവരുടെ വഴിപാട് പൊന്ന്, വെള്ളി, താമ്രം, നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, പഞ്ഞിനൂൽ, കോലാട്ടുരോമം, ചുവപ്പിച്ച ആട്ടുകൊറ്റൻ തോൽ, തഹശു തോൽ, ഖദിരമരം, വിളക്കിന് എണ്ണ, അഭിഷേകതൈലത്തിനും പരിമള ധൂപത്തിനും സുഗന്ധവർഗ്ഗം, ഗോമേദകക്കല്ല്, ഏഫോദിനും പതക്കത്തിനും പതിക്കേണ്ട കല്ല് എന്നിവയായിരുന്നു "ഹൃദയങ്ങളിൽ ഉത്സാഹവും താല്പര്യവും തോന്നിയവനെല്ലാം സമാഗമന കൂടാരത്തിന്റെ പ്രവൃത്തിക്കും അതിന്റെ സകല ശുശ്രൂഷയ്ക്കും വിശുദ്ധവസ്ത്രങ്ങൾക്കുംവേണ്ടി യഹോവയ്ക്കു വഴിപാടു കൊണ്ടുവന്നു. പുരുഷന്മാരും സ്ത്രീകളുമായി ഔദാര്യ മനസ്സുള്ളവർ എല്ലാവരും.......... യഹോവയ്ക്കു സ്വമേധാദാനം കൊണ്ടുവന്നു" (പുറപ്പാട്. 35:21, 29).

കൊടുക്കുന്നത് മോശയുടെയും അഹരോന്റെയും പക്കൽ ആയിരുന്നു എങ്കിലും ദാനം അവർക്കുള്ളതല്ലായിരുന്നു. പിന്നെയോ യഹോവയ്ക്കുള്ളതായിരുന്നു. യഹോവയ്ക്കുള്ളത് അവർക്കു കൊടുത്തു എന്നേ ഉള്ളൂ. യിസ്രയേൽ കൊണ്ടുവന്നത് യഹോവയ്ക്കായിരുന്നു. കൂടാരം നിർമ്മിച്ചത് യഹോവയ്ക്കായിരുന്നു. ഇന്നും ഇത് എത്ര വാസ്തവം! നാം യഹോവയുടെ ആജ്ഞാനുസരണവും തിരുഹിതത്തിന്റെ വെളിപ്പാടിൻ പ്രകാരവും പ്രവർത്തിക്കുകയാണെങ്കിൽ നാം ചെയ്യുന്നത് എന്തുതന്നെയായിരുന്നാലും എല്ലാം യഹോവയ്ക്കായിരിക്കും. യഹോവ അവയെ തനിക്കായിട്ടുള്ള ശുശ്രൂഷകളായി എണ്ണുകയും ചെയ്യും. പുറപ്പാട്. 35-ാം അദ്ധ്യായത്തിൽ "യഹോവയ്ക്കു" എന്നുള്ള പദം 6 പ്രാവശ്യം വരുന്നുണ്ട്. ഇത് ഈ സത്യത്തെ ദൃഢീകരിക്കയാണ് ചെയ്യുന്നത്. യഹോവയ്ക്കായുള്ള ശുശ്രൂഷകളിൽ എന്തെല്ലാം ഉൾപ്പെടും.

1) തിരുനിവാസം, 2) അതിന്റെ മൂടുവിരി, 3) പുറംമൂടി, 4) കൊളുത്തുകൾ, 5) പലകകൾ, 6) അന്താഴങ്ങൾ, 7) തൂണുകൾ, 8) ചുവടുകൾ, 9) പെട്ടകം, 10) അതിന്റെ തണ്ടുകൾ, 11) കൃപാസനം, 12) മറയുടെ തിരശ്ശീല, 13) മേശ, 14) അതിന്റെ തണ്ടുകൾ, 15) ഉപകരണങ്ങൾ ഒക്കെയും, 16) കാഴ്ചയപ്പം, 17) വെളിച്ചത്തിന് നിലവിളക്ക്, 18) അതിന്റെ ഉപകരണങ്ങൾ, 19) അതിന്റെ ദീപങ്ങൾ, 20) വിളക്കിന് എണ്ണ, 21) ധൂപപീഠം, 22) അതിന്റെ തണ്ടുകൾ, 23) അഭിഷേകതൈലം, 24) സുഗന്ധ ധൂപ വർഗ്ഗം, 25) പ്രവേശന വാതിലിന്റെ മറശീല, 26) ഹോമയാഗ പീഠം, 27) അതിന്റെ താമ്രജാലം, 28) തണ്ടുകൾ, 29) അതിന്റെ ഉപകരണങ്ങൾ, 30) തൊട്ടി, 31) അതിന്റെ കാൽ 32) പ്രാകാരത്തിന്റെ മറശ്ശീല കൾ, 33) അതിന്റെ തൂണുകൾ, 34) അതിനെ ചുവടുകൾ, 35) പ്രാകാര വാതിലിന്റെ മറ, 36) തിരുനിവാസത്തിന്റെ കുറ്റികൾ, 37) പ്രാകാരത്തിന്റെ കുറ്റികൾ, 38) അവയുടെ കയറുകൾ, 39) വിശേഷ വസ്ത്രങ്ങൾ, 40) അഹരോന്റെ വിശേഷവസ്ത്രം, 41) പുരോഹിത ശുശ്രൂഷയ്ക്കായി അവന്റെ പുത്രന്മാരുടെ വിശേഷവസ്ത്രങ്ങൾ.

യഹോവയ്ക്കൊരു തൂണ്, യഹോവയ്ക്കു വിളക്കെണ്ണ, യഹോവയ്ക്കൊരു കുറ്റി, ഒരു കയറു യഹോവയ്ക്ക്, തന്റെ ദാസനായ അഹരോനു ധരിക്കാനായി ഒരു വസ്ത്രം, അവന്റെ പുത്രന്മാർക്കായി വസ്ത്രങ്ങൾ, എല്ലാം യഹോവയ്ക്ക്.

പ്രിയ വായനക്കാരാ, നീ യഹോവയെ ഭയപ്പെടുന്നുവെങ്കിൽ! അവന്റെ രാജ്യത്തിന്റെ അഭിവൃദ്ധിയും ആരാധനയുടെ പുനഃസ്ഥാപനവും ആഗ്രഹിക്കുന്നെങ്കിൽ, അവന്റെ രാജ്യത്തിന്റെ കെട്ടുപണിക്കും ഗൃഹനിർമ്മാണത്തിനുമായി നിനക്കും ഇതുപോലെയുള്ള ശുശ്രൂഷകൾ യഹോവയ്ക്കായി ചെയ്യാവുന്നതാണ്, ചെയ്യേണ്ടതാണ്. ●

# ധ്വനി ബൈബിൾ ക്വിസ് – 59

## യെഹെസ്കേലിന്റെ പുസ്തകം (17–32)

1. സമുദ്രസഞ്ചാരികൾ പാർത്തതും, കീർത്തിപ്പെട്ടതുമായ പട്ടണം ഏത്?
2. ദേവദാരുവിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് എന്തിനെ?
3. 'കർത്താവിന്റെ വഴി ചൊവ്വുള്ളതല്ല' എന്ന് പറയുന്നത് ആര്?
4. മാതൃകാമുദ്രയാകുന്നത് ആര്?
5. യിസ്രായേൽ മൂപ്പന്മാർ യഹോവയോട് അരുളപ്പാട് ചോദിക്കാൻ ചെന്നത് എന്നാണ്?
6. യിസ്രായേൽ ഗൃഹത്തിന് ഒരു ഓടക്കോലായിരുന്നത് ആര്?
7. മോവാബിന്റെ അതിർത്തി പട്ടണങ്ങൾ ഏവ?
8. ഇരുവഴിത്തലയ്ക്കൽ പ്രശ്നം നോക്കുവാൻ നിൽക്കുന്നത് ആര്?
9. സോരിന്റെ വ്യാപാരികൾ ആരെല്ലാമായിരുന്നു?
10. ശമര്യയുടെയും, യെരൂശലേമിന്റെയും മറ്റു പേരുകൾ ഏവ?

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ജനുവരി 25**

**വിലാസം: സ്പർജൻ കെ. ജെ, ബൈബിൾ ഭവൻ,**
**റസ്സൽപുരം. പി. ഒ., ബാലരാമപുരം , തിരുവനന്തപുരം – 695 501**
**ഇമെയിൽ : spurjan.kj@gmail.com, വാട്ട്സാപ്പ് നമ്പർ : 9495131875**

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
വിദേശങ്ങളിൽ : ₹ 3000/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 009604073006195001
IFSC Code : CSBK 0000096

**തിരുമൊഴി**

"ധനവാനാകേണ്ടതിന്നു പണിപ്പെടരുതു; അതിന്നായുള്ള ബുദ്ധി വിട്ടുകളക" (സദൃ. 23:4)

## എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ ഖതാലിയ

**ജനസംഖ്യ : 2,50,000**

ഗുജറാത്തിന്റെ പല ഭാഗങ്ങളിലായി അധിവസിക്കുന്ന ഒരു പട്ടികവർഗ്ഗ (ഭീൽ) വംശീയ സമൂഹമാണ് വസാവി ഖതാലിയ. 'ശക്തമായ' അല്ലെങ്കിൽ 'ആക്രമണാത്മകമായ' എന്നർത്ഥം വരുന്ന 'ഖാദിൻ' എന്ന ഗുജറാത്തി പദത്തിൽ നിന്നാണ് 'ഖതാലിയ' എന്ന പേര് ഉത്ഭവിച്ചത്. വസാവി ഖതാലിയക്കാർക്ക് അവരുടെ സാമൂഹിക നിലയെക്കുറിച്ച് അഭിമാനമുണ്ടെങ്കിലും മറ്റ് ഗോത്രവർഗ്ഗങ്ങൾ അവരെ താഴ്ന്ന വിഭാഗമായി കണക്കാക്കുന്നു. എങ്കിലും ബ്ലാക്ക് മാജിക്കിൽ അഗ്രഗണ്യരായ ഈ സമൂഹത്തിന്റെ മാന്ത്രിക ശക്തിയെ ചില വിഭാഗങ്ങൾ അംഗീകരിക്കുന്നുണ്ട്. മുതലയെ പൂജിക്കുന്നവരാണ് ഖതാലിയക്കാർ. അങ്ങേയറ്റം അന്ധവിശ്വാസികളും പൈശാചിക സ്വാധീനത്തിൽ ആഴത്തിൽ വേരൂന്നിയ വിശ്വാസങ്ങൾ പിൻപറ്റുന്നവരുമാണ് ഇവർ.



ജനസംഖ്യയുടെ 97 ശതമാനം അക്രൈസ്തവരാണ്. ക്രിസ്തീയവിശ്വാസികളും മറ്റു മതസ്ഥരും മൂന്നു ശതമാനം മാത്രമാണ്. പരമ്പരാഗതമായി, കതാലിയ സ്ത്രീകൾ തങ്ങളുടെ പങ്കാളികളെ തിരഞ്ഞെടുക്കാൻ പിന്തുടരുന്ന ഒരു പ്രത്യേക പാരമ്പര്യം കാരണം പുറത്തുള്ളവർ ഇവിടേക്കു വരാൻ ഭയപ്പെടുന്നു. തുപ്പിയാണ് അവർ പങ്കാളികളെ തിരഞ്ഞെടുക്കുന്നത്. ഒരു അപരിചിതനെ തുപ്പുന്നതിൽ ഒരു സ്ത്രീ വിജയിച്ചാൽ, അയാൾ അവളെ ഭാര്യയായി സ്വീകരിക്കണം എന്നതാണ് അലിഖിതനിയമം. വസാവി ഖതാലിയയുടെ ജനസംഖ്യ 2,50,000 ആണ്. ഭാഷാ പഠനത്തിന്റെയും തിരുവചന പരിഭാഷയുടെയും പ്രാഥമിക ഘട്ടത്തിലാണ് ഇവിടെയുള്ള പരിഭാഷാ ടീം.

### പ്രാർത്ഥനയ്ക്ക്

- ✧ ഖതാലിയ സമൂഹത്തിനായി പ്രാർത്ഥിക്കുക; പരിഭാഷാ സംഘത്തെയും അവരുടെ പ്രവർത്തനങ്ങളെയും അംഗീകരിക്കുന്നതിനായി ദൈവം ഹൃദയങ്ങളെ സ്പർശിക്കുന്നതിനായി.
- ✧ പരിഭാഷാ ടീം അവരുടെ വിശ്വാസത്തിലും ദൈവീക വിളിയിലും ഉറച്ചു നിൽക്കുവാനും ദൈവീക ജ്ഞാനത്താലും ഐക്യമായും പ്രവർത്തനങ്ങൾ തുടരുന്നതിനായും.
- ✧ ഖതാലിയ സമൂഹത്തിന്റെ നവോത്ഥാനത്തിനും ഈ സമൂഹത്തിൽ സഭകൾ സ്ഥാപിക്കുന്നതിനായും

**സമ്പാ. ഇ.ജെ. പി.**

**സുവിശേഷധ്വനി വായനക്കാർക്ക്**

**പുതുവത്സരാശംസകൾ**

**സുവിശേഷധ്വനി ശുശ്രൂഷയെ ഓർത്ത് പ്രാർത്ഥിക്കുകയും വരിസംഖ്യ അടയ്ക്കുകയും ചെയ്യണമെ.**

## ബലവന്ത്രം പുണ്യവാളൻ

**(സുവി. വി.പി. ജേക്കബ് തിരുവനന്തപുരത്തിന്റെ സുവിശേഷം വിശദമാക്കുന്ന കഥകളും ദൃഷ്ടാന്തങ്ങളും എന്ന ഗ്രന്ഥത്തിൽ നിന്ന്)**

റംഗൂണിൽ ബലവന്ത്രം എന്ന് പേരുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. ആ മനുഷ്യൻ യാതൊരു ക്രൈസ്തവസഭയുമായും ബന്ധം പുലർത്താതെ വെറും ദുഷ്ടനായി ജീവിച്ച് മരിച്ചു. അപ്പോൾ അയൽവാസികൾ ബലവന്ത്രത്തിന്റെ ശവം എടുത്ത് റംഗൂണിലെ ക്രൈസ്തവ സെമിത്തേരിയിലേക്ക് കൊണ്ടുപോയി. സെമിത്തേരിയുടെ കാവൽക്കാരൻ ബലവന്ത്രത്തിന്റെ ശവസംസ്കാരം രണ്ടു കാരണങ്ങളാൽ തടഞ്ഞു. പ്രസ്തുത സെമിത്തേരിയിൽ രാത്രി 8 മണി കഴിഞ്ഞ് ശവമടക്കം പാടില്ല എന്ന നിയമമുണ്ടായിരുന്നു.

ബലവന്ത്രത്തിന്റെ ശവശരീരം സെമിത്തേരിയിൽ എത്തിയപ്പോഴേക്ക് രാത്രി 8 മണി കഴിഞ്ഞിരുന്നു. ആരുടെ ശവമാണോ അടക്കുന്നത് ആ വ്യക്തി ജീവകാലത്ത് ഏത് സഭയുടെ അംഗമായിരുന്നു എന്നതിന് പ്രസ്തുത സഭയിലെ പാസ്റ്ററുടെ ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കണമായിരുന്നു. അത്തരം ഒരു സർട്ടിഫിക്കറ്റ് ബലവന്ത്രത്തിന് ആരും കൊടുത്തില്ല. കൊടുക്കാൻ സാദ്ധ്യവുമല്ലായിരുന്നു. പാതിരാത്രി വരെ ശവം സെമിത്തേരിയുടെ വാതിൽക്കൽ വച്ച് കാവൽക്കാരനെ സമ്മതിപ്പിക്കാൻ അയൽവാസികൾ ചെയ്ത പരിശ്രമങ്ങളെല്ലാം വിഫലമായി. അനന്തരം സ്നേഹിതർ അടുത്തുള്ള വീടുകളിൽ കയറി ചില ഉപകരണങ്ങൾ എടുത്ത് സെമിത്തേരിയുടെ വെളിയിലായി റോഡരികിൽ ബലവന്ത്രത്തിന്റെ ശവം സംസ്കരിച്ചിട്ട് ഏതോ ഒരു വലിയ പരോപകാരം ചെയ്തു എന്ന ചാരിതാർത്ഥ്യത്തോടെ ഭവനങ്ങളിലേക്ക് പോകയും ചെയ്തു.

അടുത്ത ദിവസം രാവിലെ ആ വഴി വന്ന ഒരാൾ റോഡരികിലുള്ള ശവക്കല്ലറ കണ്ടു. അത് നിശ്ചയമായിട്ടും ഒരു പരിശുദ്ധന്റെ കല്ലറയായിരിക്കും എന്ന് വിചാരിച്ച് ആ മനുഷ്യൻ പോയി ഒരു മരക്കുരിശ് കൊണ്ടുവന്ന് കല്ലറയിൽ നാട്ടി. ഒരു ചെറിയ പരോപകാരം ചെയ്ത പ്രതീതിയോടെ അയാൾ യാത്ര തുടരുകയും ചെയ്തു.

അല്പം കഴിഞ്ഞ് വേറൊരാൾ ആ വഴി വന്നു. റോഡരികിലുള്ള കല്ലറയും കുരിശും കണ്ട് അത് നിശ്ചയമായും ഒരു പുണ്യവാളന്റെ കല്ലറ എന്ന് തീരുമാനിച്ച് പോയി നാലു മെഴുകുതിരി വാങ്ങിക്കൊണ്ട് വന്ന് കല്ലറയുടെ നാലു മൂലക്കും കത്തിച്ചു വെച്ചു. ഒരു സൽക്കർമ്മം ചെയ്തു എന്ന സംതൃപ്തിയോടെ അയാൾ സ്ഥലം വിടുകയും ചെയ്തു. കുറച്ചുസമയം കഴിഞ്ഞ് മറ്റൊരു യാത്രികൻ അതിലേ വന്നു. റോഡരികിലുള്ള കല്ലറയും കുരിശും മെഴുകുതിരികളും അയാളുടെ ശ്രദ്ധയെ ആകർഷിച്ചു. അത് നിശ്ചയമായി ഒരു പുണ്യവാളന്റെ കല്ലറ തന്നേ എന്ന് തീരുമാനിച്ച് പോയി ഒരു ദ്വാരമുള്ള പെട്ടി കൊണ്ട് വന്ന് കല്ലറത്തലക്കൽ വെച്ചു. ഒരു പുണ്യപ്രവൃത്തി ചെയ്ത പ്രതീതിയോടെ ആ മനുഷ്യനും യാത്ര തുടർന്നു. എന്തിന് പറയുന്നു? റോഡരികിലുള്ള ബലവന്ത്രത്തിന്റെ കല്ലറ കാലാന്തത്തിൽ ആയിരിമായിരം ആളുകൾ സന്ദർശിക്കുന്ന ഒരു പുണ്യസ്ഥലമായി എന്ന് പറഞ്ഞാൽ കഴിഞ്ഞല്ലോ. സെമിത്തേരിയിൽ അടക്കുവാൻ പോലും യോഗ്യത ഇല്ലാഞ്ഞ ഭയങ്കര ദുഷ്ടനായ ബലവന്ത്രം വലിയ പുണ്യവാളനുമായി. ഇങ്ങനെ പോകുന്നു പാരമ്പര്യങ്ങളുടെ ഉത്ഭവവും വളർച്ചയും പ്രചാരവും.

അന്തമില്ലാത്ത മനുഷ്യപാരമ്പര്യക്കൊടുങ്കാട്ടിൽ അകപ്പെട്ട് വലയാതെ - നട്ടം തിരിയാതെ അജ്ഞന് ജ്ഞാനവും അന്ധന് നയനവുമായ ദൈവവചന വെളിച്ചത്തിൽ ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും തദ്വാര ജീവിതം സഫലമാക്കുന്നതിനും കർത്താവ് എല്ലാവർക്കും കൃപ നൽകട്ടെ.

## അദ്ധ്യായം 07
## ഒരദ്ധ്യായം ഒരിത്തിരി ചിന്തകൾ രാജാക്കന്മാരുടെ 1–ാം പുസ്തകം

**ജെയിംസ് എം. തോമസ്, നെടുമ്പാശ്ശേരി**

**"ശലോമോൻ പരിഗ്രഹിച്ചിരുന്ന ഫറവോന്റെ മകൾക്കും അവൻ ഈ മണ്ഡപം പോലെയുള്ള ഒരു അരമന പണിതു" ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദിന്റെ മകനും ദൈവജനമായ യിസ്രയേലിന്റെ രാജാവുമായ ശലോമോന് ദൈവഭക്തയായ ഒരു ഭാര്യയല്ലേ വേണ്ടിയിരുന്നത്? എന്നാൽ ഫറവോനുമായുള്ള ബാന്ധവം വരുത്തിയ വിനയാണിത്!**

ശലോമോൻ രാജാവ് തനിക്കായി പണിത അരമനയുടെയും വനഗൃഹത്തിന്റെയും ഭാര്യയായ ഫറവോന്റെ മകൾക്കായുള്ള അരമനയുടെയും ആലയത്തോടു ബന്ധപ്പെട്ട ചില പണികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുകയാണ് ഏഴാം അദ്ധ്യായത്തിൽ. "ശലോമോൻ തന്റെ അരമന പതിമൂന്ന് ആണ്ടുകൊണ്ടു പണിത് അരമനപ്പണി മുഴുവനും തീർത്തു" (വാക്യം 1). എന്നാൽ സന്തോഷം തോന്നിയ ഒരു വസ്തുത രേഖപ്പെടുത്തട്ടെ; തന്റെ അരമനപ്പണിയ്ക്കു മുൻപ് ആലയത്തിന്റെ പണിതീർത്തു (അദ്ധ്യായം. 7). 'ആദ്യം ദൈവത്തിന്റെ രാജ്യവും നീതിയും' (മത്തായി. 6:33) എന്ന പ്രമാണം ഹൃദയത്തിലേക്കു വരുന്നു. ക്രിസ്തീയ ജീവിതത്തിൽ നാം ആദ്യസ്ഥാനം കർത്താവിനു തന്നെ നൽകണം; യാതൊരു മാറ്റവും അതിനു വരുത്തുവാൻ അനുവാദമില്ല.

എന്നാൽ എട്ടാം വാക്യത്തിലെ ഒരു വിവരണം ഹൃദയവേദനയുളവാക്കുന്നു; "ശലോമോൻ പരിഗ്രഹിച്ചിരുന്ന ഫറവോന്റെ മകൾക്കും അവൻ ഈ മണ്ഡപം പോലെയുള്ള ഒരു അരമന പണിതു" ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദിന്റെ മകനും ദൈവജനമായ യിസ്രയേലിന്റെ രാജാവുമായ ശലോമോന് ദൈവഭക്തയായ ഒരു ഭാര്യയല്ലേ വേണ്ടിയിരുന്നത്? എന്നാൽ ഫറവോനുമായുള്ള ബാന്ധവം വരുത്തിയ വിനയാണിത്! ലോകമനുഷ്യനും ജഡികനും ഇത് അത്ര കുഴപ്പമില്ലാത്തത് ആണെങ്കിലും സ്വർഗ്ഗത്തിലെ ദൈവത്തിനും ആത്മീയർക്കും യാതൊരു തരത്തിലും ഉൾക്കൊള്ളാനാകാത്തതാണിത്! ലോകത്തോടു അനുരഞ്ജനപ്പെട്ടാൽ എന്തെല്ലാം ദുഃഖകരമായ കാര്യങ്ങൾ കാണേണ്ടിവരും എന്നതിന്റെ നേർക്കാഴ്ചയാണീ ഫറവോന്റെ മകളുടെ അരമന!

പതിമൂന്നാം വാക്യത്തിൽ പരിചയപ്പെടുത്തുന്ന സോര്യനായ ഹീരാം അഞ്ചാം അദ്ധ്യായത്തിൽ കാണുന്ന സോർ രാജാവായ ഹീരാം അല്ല പ്രത്യുത അവൻ നഫ്താലി ഗോത്രത്തിൽ ഒരു വിധവയുടെയും സോര്യനായ ഒരു മൂശാരിയുടെ മകനുമത്രേ (വാക്യം. 14). എന്നാൽ എന്താണവന്റെ പ്രത്യേകത? എന്തുകൊണ്ട് ശലോമോൻ രാജാവ് അവനെ തിരഞ്ഞെടുത്തു? 'അവൻ താമ്രം കൊണ്ടു സകലവിധ പണിയും ചെയ്‌വാൻ തക്കവണ്ണം ജ്ഞാനവും, ബുദ്ധിയും, സാമർത്ഥ്യവും ഉള്ളവനായിരുന്നതിനാൽ' (വാക്യം. 14).

"ശലോമോൻ സ്തംഭങ്ങളെ മന്ദിരത്തിന്റെ മണ്ഡപവാതിൽക്കൽ നിർത്തി; അവൻ വലത്തെ സ്തംഭം നിറുത്തി അതിനു യാഖീൻ എന്നും ഇടത്തെ സ്തംഭം നിറുത്തി അതിനു ബോവസ് എന്നും പേരിട്ടു" (വാക്യം. 21). യാഖീൻ (Jachin) എന്നതിന് അവൻ സ്ഥാപിക്കും 1 അവൻ നിലനിർത്തും എന്നും ബോവസ് (Boaz) എന്നതിന് ബലം ദൈവത്തിൽ, ശക്തിയുള്ളത്, വേഗതയുള്ളത് എന്നൊക്കെ അർത്ഥങ്ങൾ. ദൈവമാണ് നമ്മെ സ്ഥാപിച്ചത്, നിലനിർത്തുന്നത് തന്നെയുമല്ല നമ്മുടെ ബലം ദൈവത്തിൽ മാത്രമാണ്; നമുക്ക് നമ്മുടേതായി ഒന്നും പ്രശംസിക്കാനില്ല.

ഇരുപത്തിമൂന്നാം വാക്യത്തിൽ "അവൻ ഒരു കടൽ വാർത്തുണ്ടാക്കി" എന്നു കാണുന്നു. അതിൽ രണ്ടായിരം ബത്ത് വെള്ളം കൊള്ളും (വാക്യം. 26); ഏകദേശം 74000 ലിറ്റർ! എന്നാൽ 2 ദിനവൃത്താന്തം. 4:5–ൽ ഈ താമ്രക്കടലിൽ 3000 ബത്ത് വെള്ളം കൊള്ളും എന്നു പറഞ്ഞിരിക്കുന്നു; ഈ രണ്ടു ഭാഗങ്ങൾ തമ്മിൽ വൈരുദ്ധ്യങ്ങൾ ഇല്ല; കാരണം ഈ താമ്രക്കടൽ വച്ചിരിക്കുന്ന പന്ത്രണ്ട് കാളകൾക്കുള്ളിൽ കൂടെ ഉൾക്കൊള്ളുന്ന വെള്ളം കൂടിയാണ് 2 ദിനവൃത്താന്തം. 4:5–ൽ പരാമർശിച്ചിരിക്കുന്നത് എന്നാൽ 1 രാജാക്കൻമാർ. 7–ൽ താമ്രക്കടലിൽ ഉൾക്കൊള്ളുന്ന വെള്ളത്തിന്റെ അളവു മാത്രം പ്രതിപാദിച്ചിരിക്കുന്നു. ഈ വെള്ളം എന്തിനുവേണ്ടിയായിരുന്നു? പുരോഹിതന്മാർക്കു കഴുകുവാൻ (2 ദിനവൃത്താന്തം. 4:6). ഇതിനുപുറമെ നാല്പതു ബത്ത് വെള്ളം വീതം കൊള്ളുന്ന പത്തു താമ്രം കൊണ്ടുള്ള തൊട്ടികളും ഉണ്ടാക്കി; പത്തുപീഠത്തിൽ ഓരോന്നിൻമേൽ ഓരോ തൊട്ടി വച്ചു (1 രാജാക്കന്മാർ. 7:38). ഹോമയാഗത്തിനുള്ള സാധനങ്ങളെ കഴുകുന്ന ആവശ്യങ്ങൾക്കായിട്ടു ഇതിലെ വെള്ളം ഉപയോഗിച്ചു (2 ദിനവൃത്താന്തം. 4:6). എത്ര ക്രമീകൃതമായിട്ടാണ് ഓരോന്നും പണിതത്!

ശലോമോൻ യഹോവയുടെ ആലയത്തിനുള്ള സകല ഉപകരണങ്ങളും ഉണ്ടാക്കി (വാക്യം. 48). 49, 50 വാക്യങ്ങൾ അതിന്റെ വിവരങ്ങളാണ്. അൻപത്തിയൊന്നാം വാക്യം ശ്രവിച്ചാലും; "അങ്ങനെ ശലോമോൻ രാജാവ് യഹോവയുടെ ആലയംവക പണി എല്ലാം തീർത്തു. ശലോമോൻ തന്റെ അപ്പനായ ദാവീദ് നിവേദിച്ചിരുന്ന വെള്ളിയും, പൊന്നും ഉപകരണങ്ങളും കൊണ്ടുവന്ന് യഹോവയുടെ ആലയത്തിലെ ഭണ്ഡാരത്തിൽ വച്ചു". ●

# നഷ്ടപ്പെടുവാനില്ലൊന്നും... കിട്ടാനുള്ളത് പുതിയൊരു ലോകം

**ജോൺസൺ കുളങ്ങര**

പ്രശസ്തനായ ഒരു വ്യക്തിയുടെ ശവസംസ്കാര ചടങ്ങിൽ പങ്കെടുത്തു മടങ്ങുകയായിരുന്നു ഒരു പിതാവും മകനും. മരിച്ചുപോയ വ്യക്തിയുടെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ടാണ് അവിടെ പലനേതാക്കന്മാരും അദ്ദേഹത്തെ അനുസ്മരിച്ചത്. എല്ലാവരും ഒരു പോലെ എടുത്തുപറഞ്ഞ ഒരു കാര്യം ഇദ്ദേഹത്തിന്റെ മരണം നമ്മുടെ രാജ്യത്തിന് ഒരു തീരാനഷ്ടമാണ് വരുത്തിയിരിക്കുന്നത് എന്നതായിരുന്നു. ഇതെല്ലാം കേട്ട പിതാവ് മകനോട് പറഞ്ഞു. മോനേ, നീയും പഠിച്ച് ഒരു വലിയ ആളാകണം. ഉടനെ മകൻ പ്രതികരിച്ചതിങ്ങനെ "ഇല്ല പപ്പാ ഞാൻ പഠിച്ച് വലിയ ആളൊന്നും ആകാനില്ല" "അതെന്താ?"

"ഞാനെത്ര വർഷം രാപകൽ കഷ്ടപ്പെട്ടു പഠിക്കണം. അതിന് പപ്പ എത്രമാത്രം പണം മുടക്കണം. എന്നിട്ടെന്താ? ഒരു ദിവസം ഞാനും മരിക്കും. അന്ന് ആളുകളെല്ലാം വന്ന് മൈക്കിലൂടെ വിളിച്ചുകൂവില്ലേ ഇദ്ദേഹത്തിന്റെ മരണം നമ്മുടെ രാജ്യത്തിന് ഒരു തീരാനഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നതെന്ന്. ഞാനായിട്ടെന്തിനാ പപ്പാ, നമ്മുടെ രാജ്യത്തിനൊരു തീരാനഷ്ടം കൂടി ഉണ്ടാക്കിവെക്കുന്നത്?" ഇതൊരു തമാശയായിരിക്കാം.

മരണം ഒരു തീരാനഷ്ടം. ഇതാണ് മരണത്തെ കുറിച്ചുള്ള ലോകത്തിന്റെ വിലയിരുത്തൽ. എന്നാൽ ബൈബിൾ പറയുന്നത് മരണം ലാഭം എന്നാണ്. മരണം ലോക വീക്ഷണത്തിൽ നഷ്ടവും ബൈബിൾ പ്രകാരം ലാഭവുമായിത്തീരുന്നതെങ്ങനെയാണ്?

ഇന്ന് ഉന്നതിയുടെ ഉത്തുംഗ ശൃംഗത്തിലെത്തിയിട്ടുള്ളവരെല്ലാം അതിനുവേണ്ടി കീഴെയുള്ള പലതും നഷ്ടമാക്കിയവരാണ്. അനുഭവിക്കാമായിരുന്ന, ആസ്വദിക്കാമായിരുന്ന കൊച്ചുകൊച്ചു സുഖങ്ങളും സന്തോഷങ്ങളും നന്മകളും ത്യജിച്ചതുകൊണ്ടാണ് അവർക്ക് വിജയ സോപാനങ്ങൾ കീഴടക്കാനായത്. "സുഖിയന്മാർക്ക് ചരിത്രമില്ല" എന്ന് കേട്ടിട്ടില്ലേ?

ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും സുഖകരമായ, ആയാസരഹിതമായ കാലഘട്ടം അമ്മയുടെ ഉദരത്തിൽ കഴിയുന്ന ഏകദേശം 280 ദിവസങ്ങളാണ്. അവിടെ അതിശൈത്യമോ കൊടുംചൂടോ കൊതുകുകടിയോ അന്തരീക്ഷമലിനീകരണമോ ഇല്ല. വിശന്ന് കരയേണ്ട, വായിലിട്ട് ചവച്ചരച്ച് കഴിക്കേണ്ട. ആവശ്യമായ എല്ലാ പോഷകങ്ങളും യഥാക്രമം മാതൃശരീരത്തിൽ നിന്ന് പൊക്കിൾക്കൊടിയിലൂടെ പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ സുഖപ്രദമായ അവസ്ഥ വിട്ട് അമ്മയുമായുള്ള പൊക്കിൾക്കൊടി ബന്ധം വിച്ഛേദിച്ച് പുറത്തുവരാത്തിടത്തോളം അവൻ ഈ ലോക ജീവിതം ആസ്വദിക്കാനാവില്ല. അപ്പനെ കാണാൻ അമ്മയെ കാണാൻ ഈ പ്രകൃതിയുടെ മനോഹാരിതയും സൂര്യചന്ദ്രനക്ഷത്രങ്ങൾ ഉൾപ്പെടുന്ന ആകാശവിസ്മയങ്ങളും അനുഭവവേദ്യ മാകണമെങ്കിൽ അമ്മയുടെ ശരീരത്തിൽ നിന്ന് വേർപെട്ടേ പറ്റൂ.

**ഇന്ന് ഉന്നതിയുടെ ഉത്തുംഗ ശൃംഗത്തിലെത്തിയിട്ടുള്ള വരെല്ലാം അതിനുവേണ്ടി കീഴെയുള്ള പലതും നഷ്ടമാക്കിയവരാണ്. അനുഭവിക്കാമായിരുന്ന, ആസ്വദിക്കാമായിരുന്ന കൊച്ചുകൊച്ചു സുഖങ്ങളും സന്തോഷങ്ങളും നന്മകളും ത്യജിച്ചതുകൊണ്ടാണ് അവർക്ക് വിജയ സോപാനങ്ങൾ കീഴടക്കാനായത്. "സുഖിയന്മാർക്ക് ചരിത്രമില്ല" എന്ന് കേട്ടിട്ടില്ലേ?**

ഇങ്ങനെ വേർപാടുകളുടെ ഒരു ശൃംഖലയാണ് മനുഷ്യജീവിതം. വേർപാടില്ലാതെ വളർച്ചയില്ല ഉയർച്ചയില്ല. വിദ്യാഭ്യാസാനന്തരം വിദേശത്തുപോകുന്ന മക്കളെ യാത്രയയക്കാൻ എയർപോർട്ടുകളിലെത്തുന്ന മാതാപിതാക്കളെയും മിത്രങ്ങളെയും കണ്ടിട്ടില്ലേ? നല്ലൊരു ജോലി കിട്ടി ഭാവി സുരക്ഷിതമാക്കാൻ ശുഭപ്രതീക്ഷകളോടെയാണ് അവർ പോകുന്നതെങ്കിലും അവിടെ വേർപാടിന്റെ വേദനയും വിരഹത്തിന്റെ വിങ്ങലും കണ്ണീരൊപ്പലും നെടുവീർപ്പുകളും ചുംബനങ്ങളും ആലിംഗനവും സ്വാഭാവികം. അതെല്ലാം വേർപാടിന്റെ വേദനയുടെ ബഹിർസ്ഫുരണങ്ങളാണ്.

പണം മുടക്കി പത്രത്തിൽ പരസ്യം ചെയ്തിട്ടായാലും യോഗ്യനായ ഒരു പുരുഷനെ കണ്ടെത്തി വിവാഹം കഴിപ്പിക്കുന്ന മാതാപിതാക്കൾ തന്നെ മകൾ പടിയിറങ്ങിപ്പോകുമ്പോൾ കരയുന്നത് കണ്ടിട്ടില്ലേ? ഭർത്താവിനോടൊപ്പം പുതിയൊരു ജീവിതത്തിലേക്കാണ് ഇറങ്ങി

ശേഷം 5-ാം പേജിൽ

1-ാം പേജ് തുടർച്ച

# പ്രവാചക വീരനായ യറമിയാ

അഞ്ചു വർഷം കഴിഞ്ഞ് ബി.സി. 616 – ലോ 617 – ലോ, അവൻ പ്രവാചക ശുശ്രൂഷയ്ക്കു വിളിക്കപ്പെട്ടു (യറ. 1:4 –16) തന്റെ അമ്മയുടെ ഗർഭം മുതൽക്കു ദൈവം ഈ വേലയ്ക്കു തന്നെ തിരഞ്ഞെടുത്തിരിക്കുന്നുവെന്ന് അവൻ അറിഞ്ഞ്, നാല്പതു കൊല്ലത്തോളം (626–586 വരെ) യിസ്രയേല്യരുടെ ഇടയിൽ വേല ചെയ്തു. അവന്റെ കുടുംബക്കാരും അയൽവാസികളും യെരുശലേമിലുള്ള ആചാര്യന്മാരും കള്ളപ്രവാചകന്മാരും, രാജാക്കന്മാരും, സേനാപതികളും പ്രസ്തുത ശുശ്രൂഷയിൽ അവന്റെ ശത്രുക്കളായിത്തീർന്നു (11:21, 26:8, 9;37:13;36:19, 26, 38:4). അവന്റെ മനസ്സ് പലപ്പോഴും ദുഃഖനിമഗ്നമായി. (9:2. 15:16 20:14) എങ്കിലും അന്ത്യശ്വാസംവരെ അവൻ വിശ്വസ്തനായി നിന്നു. അവൻ സ്വജനങ്ങളുടെ നന്മയ്ക്കുവേണ്ടി കഷ്ടപ്പെടുകയും അവരാൽ ബഹിഷ്ക്കരിക്കപ്പെടുകയും ചെയ്തതു നിമിത്തം അവൻ ക്രിസ്തുവിന്റെ മുൻകുറിയാണെന്നു വിശ്വസിക്കപ്പെടുന്നു. ബി.സി. 608–ൽ മെഗിദ്ദോസമഭൂമിയിൽ വച്ച് ഈജിപ്റ്റുരാജാവായ നെഖോയുമായുണ്ടായ ഭയങ്കരസമരത്തിൽ യോശിയാ രാജാവു ചരമം പ്രാപിച്ചു. തന്നിമിത്തം യഹൂദജാതിക്കു നേരിട്ട കഷ്ടതകൾ അവർണ്ണനീയമായിരുന്നു. ആത്മീയ പരിഷ്കരണങ്ങൾ നടത്തിയ ഭക്തനായ രാജാവ് ഇപ്രകാരം ശത്രുക്കളാൽ കൊല്ലപ്പെടുക കൊണ്ട് ജനങ്ങളിൽ ഒരു വലിയ ഭാഗം തങ്ങളുടെ പഴയ ആരാധനയിലേക്കും മൂഢാചാരങ്ങളിലേക്കും പിന്തിരിഞ്ഞും യോശിയായുടെ പുത്രനായ യഹോവാഹാസ് തൽസ്ഥാനത്ത് രാജത്വം പ്രാപിച്ചു എങ്കിലും മൂന്നു മാസം മാത്രമേ അവൻ വാണുള്ളു. അനന്തരം നെഖോ യെരുശലേമിലേക്കു വന്നു യഹോവാഹാസിനെ ബന്ധനസ്ഥനാക്കി ഈജിപ്തിലേക്കു കൊണ്ടുപോകുകയും യഹോയാക്കീമിനെ രാജാവാക്കുകയും ചെയ്തു. യഹോവാഹാസ് പിന്നീടു മടങ്ങിവന്നില്ല. യറമി. 22:10–ൽ യഹോവാഹാസിനെക്കുറിച്ചുള്ള യറമിയായുടെ വിലാപഗാനം കാണുന്നു. യഹോയാഖിം രാജ്യത്തെ മുഴുവനും നശിപ്പിക്കത്തക്കവണ്ണം സ്വേച്ഛാനുവർത്തിയായി ജീവിച്ചു. മനശ്ശേരാജാവിനാൽ മതസംബന്ധമായി ഉണ്ടായ എല്ലാ കെട്ടുപാടുകളും ഇവന്റെ കാലത്തിൽ പുനർജ്ജീവിക്കയുണ്ടായി. രാജ്യസംബന്ധമായ സംഗതികളിൽ അവൻ യാതൊരു സ്ഥിരതയും ഇല്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഈജിപ്തുരാജാവായ നെഖോ ബാബിലോൺ രാജാവായനെ നെബുഖദ്നേസറിനാൽ തോൽപിക്കപ്പെട്ട ശേഷം യഹോയാക്കീം ബാബിലോൺ രാജാവിനോടു ചെയ്തിരുന്ന ഉടമ്പടി ലംഘിക്കുകയാൽ ബോബിലോൺ രാജാവ് യഹൂദ രാജ്യത്ത് തന്റെ ക്രോധം ചൊരിയുന്നതിനിടയായി. യഹോയാക്കീം സാധുക്കളെ കൊല്ലുകയും ആഡംബരമായി ജീവിക്കുകയും (22:13–17) തന്റെ വാക്കിനെ അതിലംഘിക്കുന്നവരോട് ക്രൌര്യം കാണിക്കുകയും ചെയ്തു. (26:20–24) ഇതുനിമിത്തം ഒരു കഴുതയെപ്പോലെ അവൻ കുഴിച്ചിടപ്പെടണമെന്ന് യറമിയാ പറയുന്നു. (22:18–19) അവന്റെ കാലത്ത് സുപ്രധാനങ്ങളായ വളരെ പ്രവചനങ്ങൾ യറമിയാ പറയുകണ്ടായി. രാജ്യഭരണവിഷയമായി അവൻ പറഞ്ഞ ഗുണദോഷങ്ങളുടെ ആശയം മിക്കവാറും ഒന്നുതന്നെ ആയിരുന്നു. അത് യിസ്രയേൽ ജനം ഈജിപ്തുരാജാവിനെ ആശ്രയിക്കാതെ തങ്ങളെ ജയിച്ചടക്കുവാനിരിക്കുന്ന ബാബിലോൺ രാജാവിനെ അഭയം പ്രാപിക്കയാണ് വേണ്ടത് എന്നുള്ളതായിരുന്നു. യറമിയായിൽ ഈ ബോധം തെളിവായും സുസ്ഥിരമായും ഇരുന്നതു വിസ്മയാവഹമത്രേ.

ബി.സി. 605–ൽ അവന്റെ അഭിപ്രായം സത്യമെന്നു തെളിഞ്ഞു. കർക്കേമിസ് എന്ന സ്ഥലത്തുവച്ച് ഈജിപ്തുരാജാവായ നെഖോയുടെ സൈന്യം മുഴുവൻ ഛിന്നഭിന്നമാക്കപ്പെട്ടു. ഇതിനെക്കുറിച്ച് യറമിയായുടെ മനോഭാവം എന്തായിരുന്നുവെന്ന് 46–ാം അദ്ധ്യായത്തിൽ കാണുന്നു. അവൻ 13 വർഷത്തോളം പ്രവചിച്ച സംഗതി വാസ്തവമെന്ന് ഇപ്പോൾ എല്ലാവർക്കും ബോധ്യമായി. ഇതിനും പുറമേ സകലജാതിയും കുറെ കാലത്തേക്ക് ബാബിലോനു കീഴ്പ്പെട്ടിരിക്കണമെന്നുള്ളതു ദൈവേഷ്ടം ആണെന്നു പൂർവ്വാധികശക്തിയോടുകൂടി അവൻ ഘോഷിച്ചുതുടങ്ങി. ഒരു നിശ്ചിത കാലത്തേക്കു മാത്രമേ ഈ അടിമവാസം ഉണ്ടായിരിക്കയുള്ളൂ എന്നും ശിക്ഷയുടെ പിന്നാലെ ഒരു നല്ലകാലം ജനങ്ങൾക്കു വന്നു കൂടും എന്നും 70 ആണ്ടുകൾ കഴിഞ്ഞ് യിസ്രയേൽ സ്വദേശത്തു തിരിച്ചെത്തുമെന്നുമായിരുന്നു അവന്റെ പ്രസംഗസാരം. മൂന്നുവർഷം കഴിഞ്ഞ് യഹോയാക്കീം ബാബിലോൺ രാജാവിനു കൊടുക്കേണ്ട കപ്പം കൊടുക്കാതെ വീഴ്ചവരുത്തിയതിനാൽ നെബുഖദ്നേസർ സൈന്യസമേതനായി യഹൂദ്യയിലേക്കു പുറപ്പെട്ടു. അവൻ വന്നുചേരുന്നതിനുമുൻപേ യഹോയാക്കീം കഥാവശേഷനായി. അതിനാൽ അവന്റെ പുത്രനായ യഹോയാഖിൻ ബാബിലോണിലേക്ക് അടിമയായി കൊണ്ടുപോകപ്പെട്ടു. മുപ്പത്തി ഏഴു വർഷം അവൻ ആ രാജ്യത്തു കാരാഗൃഹവാസം അനുഭവിച്ചു. അവനോടുകൂടി അനവധി ആഢ്യന്മാരും അടിമയായി കൊണ്ടുപോകപ്പെട്ടു. ബി.സി. 596–ൽ യറമിയാ ആ പ്രവാസികൾക്ക് ഒരു ലേഖനം എഴുതി, അവർ ബാബിലോണിൽ വീടുപണിതും കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കിയും വിവാഹം ചെയ്തും താമസിച്ചുകൊള്ളുവാൻ അറിവുകൊടുത്തു (29. അ:) യഹൂദിയായിൽ അന്നു രാജാവായിരുന്ന സെദക്കിയാ ഏതാനും കാലം യറമിയായുടെ വാക്കനുസരിച്ച് ബാബേൽ രാജാവിനു കീഴ്പ്പെട്ടു പാർത്തു. എന്നാൽ ഹോബ്രാ എന്നു പേരുള്ള ഒരു പുതിയ രാജാവ് ഈജിപ്തിൽ സിംഹാസനാരോഹരണം ചെയ്ത ഉടൻ സെദക്കിയാ യറമിയായുടെ ഗുണദോഷം തള്ളി ബാബിലോണ് എതിരായി മത്സരിച്ചതിനാൽ നെബുഖദ്നേസർ യുദ്ധസന്നദ്ധനായി നേരെ യെരുശലേമിലേക്കു വന്നു. ബി.സി. 687–ൽ യെരുശലേം നഗരത്തെ നിരോധിച്ചു. അപ്പോൾ സെദക്കിയാ ഭയപ്പെട്ട് യെരുശലേമിൽ പാർത്തിരുന്ന അടിമകൾ ധൈര്യസമേതം യുദ്ധം ചെയ്യുന്നതിന് അവരെ സ്വതന്ത്രരാക്കി. അത്തരുണത്തിൽ ഈജിപ്തു സൈന്യം യുദ്ധോദ്യുക്തരായി പുറപ്പെടുന്നതു കൊണ്ടു നെബുഖദനേസർ യെരുശലേം വിട്ട് ഈജിപ്തുകാർക്കെതിരെ യുദ്ധത്തിനു പോയി; ഈ ഘട്ടത്തിൽ യെരുശലേം നിവാസികൾക്ക് ഒരു വ്യാമോഹം ഉദിച്ചതിനാൽ യറമിയായുടെ വാക്കിൽ അവർക്ക് അവിശ്വാസം ജനിച്ചു. അപ്പോൾ സിദക്കിയാ തന്റെ വാക്കു ലംഘിച്ചു. സ്വതന്ത്രരായിത്തീർന്നവരെ വീണ്ടും അടിമപ്പെടുത്തി. ഈ സമയം യറമിയാ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്നു. ഇങ്ങനെയിരിക്കുമ്പോൾ നെബുഖദനേസർ വീണ്ടും വന്നു യെരുശലേമിനെ വളഞ്ഞു. യറമിയായുടെ ഉപദേശം കൊണ്ടു ജനങ്ങൾക്കു മനഃക്ഷീണം ഉണ്ടാകുന്നുവെന്നു കണ്ടു നിഷ്ഠൂരനായ സിദക്കിയാ തന്റെ സേനാധിപന്മാരെ നിയോഗിച്ച് അവനെ പിടിച്ചു. ഒരു പ്രവാചകനെ വെട്ടിക്കൊല്ലുന്നതു അവിഹിതമാകയാൽ അവൻ വിശന്നു മരിക്കത്തക്കവണ്ണം ഒരു അഗാധക്കുഴിയിൽ തള്ളിയിട്ടു. ഭാഗ്യവശാൽ ഈ ഭയങ്കരവിപത്തിൽ നിന്നു രാജാവിന്റെ അടിമകളിൽ ഒരുവനാൽ അവൻ വിടുവിക്കപ്പെട്ടു. ശത്രുക്കളുടെ രോധം ഒന്നരവർഷത്തേക്കു നിന്നതിനാൽ യെരുശലേം നഗരവാസികൾ നിസ്സീമമായ കഷ്ടതകൾ അനുഭവിച്ചു. ഒടുവിൽ ബാബിലോൻ സൈന്യം പട്ടണത്തിൽ കടന്നു. ബി.സി. 556–ൽ നഗരം മുഴുവൻ അഗ്നിക്കിരയായി. ദേശവാസികളിൽ മുക്കാലേമുണ്ടാണി ഭാഗവും ബാബിലോണിലേക്കു അടിമയായി കൊണ്ടുപോകപ്പെട്ടു. യറമിയായുടെ പ്രഭാഷണം ബാബിലോന് അനുകൂലമായിരുന്നുവെന്ന് അറിവുകിട്ടുകയാൽ അടിമകളുടെ കൂട്ടത്തിൽ അവനെ ബാബിലോനിലേക്കു നിർബന്ധിക്കാതെ യഥേഷ്ടം എവിടെയങ്കിലും പാർത്തു കൊള്ളുന്നതിന് അനുവദിച്ചു. സ്വദേശം വിടരുതെന്നു കരുതി യഹൂദ്യയിൽ ബാബിലോൺ പ്രതിനിധിയായിരുന്ന ഗദല്യാവിന്റെ അടുക്കലേക്കു യറമിയാ പോയി. രണ്ടു മൂന്നു മാസം കഴിഞ്ഞു ഗദല്യാവ് ചതിയാൽ കൊല്ലപ്പെടുകയാൽ ജനങ്ങൾ ഭയാകുലരായി എല്ലാവരും ഒരുമിച്ച് ഈജിപ്തിലേക്കു പലായനം ചെയ്വാൻ യിറമിയാവിനോട് ആലോചന ചോദിച്ചു. (41....48 വരെ) അവൻ പത്തു ദിവസം ആലോചിച്ച ശേഷം ഒടുവിൽ ഈജിപ്തിലേക്കു പോകരുതന്നെറിയിച്ചു എങ്കിലും ജനങ്ങൾ പണ്ടത്തെപ്പോലെ അവന്റെ ആലോചനം തള്ളിക്കളഞ്ഞു.

മനസ്സാക്ഷി നിമിത്തം ആയുസ്സുപര്യന്തം അവൻ ഞെരുക്കമനുഭവിച്ചും സ്വജനങ്ങളോടു കൂടി അവനും മിസ്രയിമിലേക്കു പോകുന്നതിനിടയായി. അവിടെയും യിസ്രയേല്യർ ചന്ദ്രനെ ആരാധിക്കയാൽ അവിടെവച്ചു അവൻ അവർക്കു വിരോധമായി സംസാരിച്ചു. അവൻ എങ്ങിനെ മരിച്ചുവെന്നു ആർക്കും അറിഞ്ഞുകൂടാ. സ്വജനങ്ങൾ അവനെ കല്ലെറിഞ്ഞുകൊന്നതായി സാധാരണ പറഞ്ഞുവരുന്നു. നാൽപതുവർഷത്തോളം സത്യത്തെ മുൻനിറുത്തി ചെയ്ത ഇവന്റെ പ്രവചന ശുശ്രൂഷ ഈവിധം കഷ്ടതയിൽ കലാശിച്ചുവെങ്കിലും പശ്ചിമാദ്രിയിൽ അസ്തമിച്ച ഈ നക്ഷത്രം നീതിമാന്മാർക്ക് ഒരു മാതൃകയായി ഇന്നും നില്ക്കുന്നു. അവൻ ഉദയാദ്രിയിൽ വീണ്ടും എത്തി ഉജ്ജ്വലത്തായ ഒരു ജോതിർഗ്ഗോളമായി പ്രശോഭിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം. ●

കടപ്പാട് – മലങ്കര വിയോജിതൻ
1925 ജൂലൈ


Email : svdtvm2019@gmail.com

4-ാം പേജ് തുടർച്ച

# നഷ്ടപ്പെടുവാനില്ലൊന്നും... കിട്ടാനുള്ളത് പുതിയൊരു ലോകം

പുറപ്പെടുന്നതെങ്കിലും മാതാപിതാക്കളെ വിട്ടുപിരിയുമ്പോൾ കണ്ണുനിറയാത്ത പെൺമക്കളുണ്ടോ? കാരണം ഇത്തരം വേർപാടുകളിലൂടെ മാത്രമേ മനുഷ്യജീവിതം മുന്നോട്ടു പോകുകയുള്ളൂ.

വേദനയോടെ പ്രസവിക്കേണ്ടി വരുമല്ലോ എന്ന് ഭയന്ന് ഒരു സ്ത്രീയും അമ്മയാകാൻ ആഗ്രഹിക്കാതിരിക്കില്ല. മാതാപിതാക്കളെയും ജന്മനാടിനെയും വിട്ടുപിരിയേണ്ടി വരുമല്ലോ എന്ന വിഷമത്തിൽ ഏതെങ്കിലും വ്യക്തി വിദേശത്ത് ജോലിക്കു പോകാതിരിക്കുന്നില്ല. മകളെ ഒരു പുരുഷന്റെ ഭാര്യയായി മറ്റൊരു വീട്ടിലേക്ക് അയക്കേണ്ടി വരുമല്ലോ എന്ന വേദനയിൽ ഏതെങ്കിലും മാതാപിതാക്കൾ അവളെ വിവാഹം ചെയ്തയക്കാതിരിക്കുന്നില്ല. അങ്ങനെ ഒരു പെൺകുട്ടിയും ആയുഷ്ക്കാലം അവിവാഹിതയായി മാതാപിതാക്കളോടൊപ്പം തന്നെ ജീവിക്കാൻ ആഗ്രഹിക്കയുമില്ല. ഈ വേർപാടുകളെല്ലാം അനിവാര്യമാണ്.

ഇതുപോലൊരു വേർപാടുതന്നെയാണ് മരണവും. മരണമെന്ന കടമ്പ കടന്നാൽ മാത്രമേ ഒരു ഭക്തൻ അനന്തതയിലേക്ക്, സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കാനാകൂ. അവന്റെ ജന്മസാഫല്യമാണ് അവനെ വീണ്ടെടുത്ത കർത്താവിന്റെ മുഖദർശനവും, സാമീപ്യവും. "മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവ് നിന്നോടു ചേരാൻ കാംക്ഷിക്കുന്നു. എന്റെ ആത്മാവ് ദൈവത്തിനായി, ജീവനുള്ള ദൈവത്തിനായി തന്നെ ദാഹിക്കുന്നു" (സങ്കീ. 42:1) അതുകൊണ്ട് മരണം ഭക്തന്മാർക്ക് പാപമോചനം പ്രാപിച്ചവർക്ക് ലാഭം മാത്രമാണ്. അവരവിടെ കാണാൻ പോകുന്നത് കർത്താവിനെ മാത്രമല്ല അവർക്ക് മുമ്പ് ഈ ലോകം വിട്ടുപോയ അവരുടെ പ്രിയപ്പെട്ടവരും പൂർവ്വപിതാക്കളായ അബ്രഹാം, ഇസ്ഹാക്, യാക്കോബ് തുടങ്ങിയവരും സാറാഫുകളും സ്വർഗ്ഗീയ ജീവികളും അടങ്ങുന്ന മഹാ സദസിനെയാണ്. അഭൗമസംഗീതത്തിന്റെ അകമ്പടിയിൽ അലയടിച്ചുയരുന്ന ആരാധകവൃന്ദത്തിന്റെ സ്തുതിഗീതങ്ങളാൽ മുഖരിതമാണവിടം.

രണ്ട് ജീവിതഘട്ടങ്ങൾക്കിടയിലുള്ള ഒരു പാലമാണ് മരണം. ഈ ലോകജീവിതത്തിൽ നിന്ന് പരലോകത്തേക്കുള്ള പ്രവേശനകവാടം. ഈ ലോകത്തിലനുഭവിക്കുന്ന കഷ്ടനഷ്ടങ്ങളും രോഗദുഃഖങ്ങളും ആകുല വ്യാകുലങ്ങളുമായി താരതമ്യം ചെയ്താലും കിട്ടാനുള്ള പുതിയൊരു ലോകം തന്നെയാണ് ലാഭം.

ഇനി ആർക്കാണ് മരണം നഷ്ടമായിരിക്കുന്നത്? അങ്ങനെയും ഒരു വിഭാഗം മനുഷ്യരുണ്ട്. യേശുക്രിസ്തുവിന്റെ ഈ ചോദ്യം ശ്രദ്ധിക്കുക. "ഒരു മനുഷ്യൻ സർവ്വ ലോകവും നേടുകയും തന്റെ ആത്മാവിനെ നഷ്ടമാകുകയും ചെയ്താൽ അവന് എന്ത് പ്രയോജനം?" എല്ലാം വെട്ടിപ്പിടിക്കാനുള്ള വ്യഗ്രതയിൽ മാനുഷിക മൂല്യങ്ങളെല്ലാം മറന്ന് നെട്ടോട്ടമോടുന്നവരുണ്ട്. കുറേയൊക്കെ നേടാനും അവർക്കായെന്നു വരാം. അങ്ങനെ സമ്പന്നനായ ഒരു വ്യക്തിയോട് ദൈവം ചോദിക്കുന്നു. "ഇന്നു രാത്രി നിന്റെ പ്രാണനെ നിന്നോടു ചോദിച്ചാൽ നീ ഒരുക്കിവെച്ചുത് ആർക്കാകും? മരണത്തിന്റെ മുന്നിൽ മനുഷ്യൻ നിസ്സഹായനാണ്. ഇത്ര നിസ്സാരനായ ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും അവന്റെ ജീവനെ നഷ്ടമാക്കിയാൽ അവന് എന്തുപ്രയോജനം? ഈ ചോദ്യങ്ങൾ തികച്ചും വ്യക്തിപരമാണ്. "നിന്റെ ജീവൻ നഷ്ടമായാൽ" "നിന്റെ പ്രാണൻ നിന്നോടു ചോദിച്ചാൽ" "നിനക്ക് എന്തു പ്രയോജനം?"

ഒരാളുടെ മരണം കൊണ്ട് നഷ്ടം അയാൾ ഉൾപ്പെട്ടുനില്ക്കുന്ന രാജ്യത്തിനല്ല. പാർട്ടിക്കല്ല, സഭക്കല്ല, കർമ്മമണ്ഡലത്തിനല്ല ആ വ്യക്തിക്ക് മാത്രമാണ്.

ഒരു ഭരണാധികാരി മരിച്ചാൽ വേറൊരാൾ വരും. ഒരു രാഷ്ട്രീയ നേതാവ് മരിച്ചാൽ മറ്റൊരാൾ വരും. ഒരു കലാകാരൻ മരിച്ചതുകൊണ്ട് കലാലോകം നിശ്ചലമായിട്ടില്ല. ഒരു നടനോ നടിയോ മരിച്ചതുകൊണ്ട് സിനിമാ വ്യവസായം നഷ്ടത്തിലായിട്ടില്ല. ഒരെഴുത്തുകാരൻ മരിച്ചതുകൊണ്ട് സാഹിത്യ സൃഷ്ടികൾക്ക് വല്ല കുറവുമുണ്ടോ? കോടികണക്കിന് മനുഷ്യരുള്ള ഈ ഭൂമുഖത്ത് നിന്ന് ഒരാൾ മരിച്ചതുകൊണ്ട് ആർക്ക് നഷ്ടം? എന്ത് നഷ്ടം ? കുറച്ചുകാലം അദ്ദേഹത്തിന്റെ പ്രിയപ്പെട്ടവർ ആ വിയോഗത്തിൽ വേദനിച്ചിരിക്കും അത്രമാത്രം. ഒരു തലമുറ പോകും മറ്റൊരു തലമുറ വരും. ഇത് പ്രകൃതിനിയമം ദൈവം വെച്ച വ്യവസ്ഥ.

മരണം നഷ്ടമായിരിക്കുന്നത് സ്വന്തം ആത്മാവിന്റെ സുരക്ഷ ഉറപ്പാക്കാത്ത വർക്കാണ്. അഥവാ പാപമോചനം പ്രാപിക്കാത്തവർക്കാണ്. കാരണം ഇനിയൊരു ജന്മം കൂടി ഇവിടെത്തന്നെ ജീവിക്കാൻ ആഗ്രഹിച്ചുപോകുന്ന ഈ മനോഹര തീരത്ത് നിന്ന് അവരുടെ ആത്മാവ് പറന്നകലുന്നത് അഗ്നിനരകത്തിലേക്കാണ്. അവർക്ക് മരണം തീരാനഷ്ടം തന്നെ. ●

# മഹത്വത്തിൽ



**രാജക്കാട്** : സുവിശേഷകൻ **എം.ജെ. ഫിലിപ് (65)** ഡിസംബർ 15 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 17 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം രാജാക്കാട് ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ഊരമന, മൂവാറ്റുപുഴ** : YMEF (ND) മുൻ പ്രസിഡന്റും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായ സഹോ. **വി.വി. പൗലോസ് (72)** ഡിസംബർ 17ന് നിത്യതയിൽ ചേ ർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 19 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം വാളകം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**കല്ലുഗുണ്ടി, കർണാടക** : സഹോദരൻ കെ.പി. ജോണിയുടെ സഹധർമ്മിണി **സിമി ജോണി (40)** ഡിസംബർ 18 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 19 ന് ശുശ്രൂഷകൾക്ക് ശേഷം സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**വെച്ചൂച്ചിറ, റാന്നി** : ഭിൽവാര - രാജസ്ഥാനിൽ സുവിശേഷകനായിരുന്ന **തങ്കച്ചൻ വൈ. (56)** ഡിസംബർ 19 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 23 ന് വെച്ചൂച്ചിറ ക്രിസ്ത്യൻ ബ്രദറൺ ചർച്ച് ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മുരിക്കടി, കുമളി** : നിത്യതയിലായിരിക്കുന്ന സഹോ. കുഞ്ഞച്ചന്റെ സഹധർമ്മിണി **എം.പി. രാജമ്മ (89)** ഡിസംബർ 21 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 22 ന് കുമളി ബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**പുളിങ്ങോം, കണ്ണൂർ** : സഹോദരൻ എൽ.റ്റി. വർഗീസിന്റെ സഹധർമ്മിണി **സിസിലി വർഗീസ് (67)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 25 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം ചെറുപുഴ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**അടിവാരം, കോഴിക്കോട്** : സഹോദരൻ **ബെന്നി തോമസ് (64)** ഡിസംബർ 26 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 27 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം അടിമണ്ണിൽ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കുന്നംകുളം** : സഹോദരൻ എം.സി. ചാക്കോയുടെ സഹധർമ്മിണി **കുഞ്ഞമ്മ റ്റി.യു.** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 27 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം കുന്നംകുളം നാഗൽ മെമ്മോറിയൽ ബറിയൽ ഗ്രൗണ്ടിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കല്ലിശ്ശേരി** : നിത്യതയിലായിരിക്കുന്ന സഹോ. പി.ഒ. ഏബ്രഹാമിന്റെ സഹധർമ്മിണി **പെണ്ണമ്മ ഏബ്രഹാം (90)** ഡിസംബർ 24 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 28 ന് കല്ലിശ്ശേരി ബി.ബി.സി. ആഡിറ്റോറിയത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**മണ്ണാരക്കുളഞ്ഞി** : സഹോ. **ബിനുമോൻ കോശി (49)** ഡിസംബർ 25 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 27 ന് മേക്കൊഴൂർ ബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**ആവോലിച്ചാൽ, നേര്യമംഗലം** : സഹോദരൻ **പൈലി തോമസ് (94)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 28 ന് ആവോലിച്ചാൽ എബനെസർ ബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മുണ്ടുകോട്ടയ്ക്കൽ, പത്തനംതിട്ട** : സഹോ. **ജോസ്‌ലാൽ എം. (62)** ഡിസംബർ 27 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 31 ന് മുണ്ടുകോട്ടയ്ക്കൽബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പെരുമ്പാവൂർ** : സഹോ. **വി.വി. വർഗീസ് (82)** ഡിസംബർ 26 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 30 ന് പെരുമ്പാവൂർ ബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. സുവിശേഷധ്വനി മുൻ മാനേജിങ് എഡിറ്റർ സഹോ. സാംസൺ സാമുവേലിന്റെ ഭാര്യാപിതാവാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മാനന്തവാടി** : സഹോദരൻ **റ്റി.റ്റി. നൈനാൻ (79)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 24 ന് കൊയിലേരി ബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം ചെറ്റപ്പാലം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ആറാമട, തിരുവനന്തപുരം** : സഹോദരൻ റ്റി.എം. ജോർജിന്റെ സഹധർമ്മിണി **മേരി ജോർജ് (76)** ഡിസംബർ 27 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 31 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം ആറാമട ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

# കൊട്ടാരക്കര ബ്രദ്റൺ കൺവൻഷൻ – 2025

**ബ്രദ്റൺ ഗോസ്പൽ ഹാൾ – പുലമൺ ജനുവരി 13 മുതൽ 19 വരെ**

**പ്രസംഗകർ : സുവി. ജോൺ കുര്യൻ, സുവി. പി.വി. ജെയിംസ്, സുവി. ബിജു ചുവന്നമണ്ണ്, സുവി. ജെയിംസ് എം. തോമസ്, സുവി. എബി കെ. ജോർജ്**

| | | | | |
|---|---|---|---|---|
| 13–01–25 തിങ്കൾ | രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെ ഭവന സന്ദർശനം | വൈകിട്ട് 5.30 – 6.00 | വൈകിട്ട് 6.15 – 7.15 | പൊതുയോഗം വൈകിട്ട് 7.15 – 8.30 Evg. എബി കെ. ജോർജ് |
| 14–01–25 ചൊവ്വ | പരസ്യയോഗം | ഗ്രൂപ്പ് പ്രാർത്ഥന | ഗാനശുശ്രൂഷ | Evg. ജെയിംസ് എം. തോമസ് |
| 15–01–25 ബുധൻ | സുവിശേഷകന്മാരുടെ സമ്മേളനം സന്ദേശം: Evg. ജെയിംസ് എം. തോമസ് | | | Evg. ബിജു ചുവന്നമണ്ണ് |
| 16–01–25 വ്യാഴം | കുടുംബസംഗമം സന്ദേശം: Evg. ബിജു ചുവന്നമണ്ണ് | | | Evg. പി.വി. ജെയിംസ് |
| 17–01–25 വെള്ളി | സോദരീസമാജം വിശേഷാൽ സമ്മേളനം സന്ദേശം: Sis. സിസി സജി മല്ലശ്ശേരി | | | Evg. പി.വി. ജെയിംസ് |
| 18–01–25 ശനി | YMEF - SBS വിശേഷാൽ സമ്മേളനം സന്ദേശം: Evg. സാം വെമ്പുഴ Evg. ജോൺ കുര്യൻ | | | Evg. ജോൺ കുര്യൻ |
| 19–01–25 ഞായർ | രാവിലെ 10.00 മുതൽ 11.30 വരെ : ആരാധനായോഗം 11.30 മുതൽ 1.00 വരെ : പൊതുയോഗം സന്ദേശം : Evg.ജോൺ കുര്യൻ | | | ഒന്നാമത്തെ സ്തോത്രകാഴ്ച കൺവൻഷന്റെ ചെലവുകൾക്കും രണ്ടാമത്തെ സ്തോത്രകാഴ്ച KEM ഫണ്ടിനും ആയിരിക്കും |

ജനുവരി 15 ബുധൻ മുതൽ 18 ശനി വരെ ദിവസവും രാവിലെ 7:30 ന് പരസ്യയോഗങ്ങൾ വിവിധ സ്ഥലങ്ങളിൽ നടത്തപ്പെടും

GENESIS TV live streaming: www.genesistv.in



# റാന്നി ബ്രദറൺ കൺവെൻഷൻ

**ബ്രദറൺ ആഡിറ്റോറിയം, ഇട്ടിയപ്പാറ-റാന്നി**

**2025 ജനുവരി 21 ചൊവ്വ മുതൽ 26 ഞായർ വരെ**

**പ്രസംഗകർ : സുവി. ജോൺ കുര്യൻ കോട്ടയം**
**സുവി. സാം കെ. ജോൺ ബാംഗ്ലൂർ**
**സുവി. ബിജു ചുവന്നമണ്ണ്**

| തീയതി | പകൽയോഗങ്ങൾ | | | പ്രസംഗകർ | രാത്രി യോഗങ്ങൾ |
|---|---|---|---|---|---|
| 21 ചൊവ്വ | | | | | 6.30 പി.എം – 8.30 പി.എം ബിജു ചുവന്നമണ്ണ് |
| 22 ബുധൻ | 10.00 എ.എം – | 12.00 പി.എം | പൊതുയോഗം | ബിജു ചുവന്നമണ്ണ് | 6.30 പി.എം – 8.30 പി.എം ബിജു ചുവന്നമണ്ണ് |
| 23 വ്യാഴം | 10.00 എ.എം – | 12.00 പി.എം | പൊതുയോഗം | സാം കെ. ജോൺ | 6.30 പി.എം – 8.30 പി.എം സാം കെ. ജോൺ |
| 24 വെള്ളി | 10.00 എ.എം – | 12.00 പി.എം | സോദരിസമാജം | സാം കെ. ജോൺ | 6.30 പി.എം – 8.30 പി.എം സാം കെ. ജോൺ |
| 25 ശനി | 10.00 എ.എം – | 1.00 പി.എം | SBS & YMEF കുടുംബസംഗമം | സാം കെ. ജോൺ | 6.30 പി.എം – 8.30 പി.എം ജോൺ കുര്യൻ |
| 26 ഞായർ | 10.00 എ.എം – | 1.00 പി.എം | ആരാധന | ജോൺ കുര്യൻ | |


ചിന്താ ശകലം MCR

# സഹിക്കുന്നു എങ്കിൽ കൂടെ വാഴാം

സൺഡേ സ്കൂളിൽ ടീച്ചർ കുട്ടികളെ കഥയിലൂടെ കാര്യങ്ങൾ പഠിപ്പിക്കുകയാണ്. ധനവാനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അയാൾ ആഡംബര ജീവിതം നയിച്ചിരുന്നു. നല്ല വീടും മറ്റു സൗകര്യങ്ങളും സ്വന്തമായുണ്ട്. ദാനധർമ്മത്തിലും ആൾ മുൻപന്തിയിലായിരുന്നു. സ്വന്തം സഹോദരങ്ങളെക്കുറിച്ചുള്ള ചിന്തയും ഉള്ളവനായിരുന്നു ആ മധ്യവയസ്കനായ മനുഷ്യൻ. ഒരുദിവസം ഹാർട്ട് അറ്റാക്ക് മൂലം ആൾ മരിച്ചു. എത്തിപ്പെട്ടതോ നരകത്തിൽ.

ലാസർ എന്ന ദരിദ്രനും ആ ദേശത്ത് ജീവിച്ചിരുന്നു. ധനവാൻമാരുടെ വീട്ടിലും മറ്റു ഇടങ്ങളിലും ഭിക്ഷയെടുത്ത് ഓരോ ദിവസവും തള്ളി നീക്കി. കിടക്കാൻ വീടില്ല. ഉടുക്കാൻ നല്ല വസ്ത്രമില്ല വല്ലാത്ത അവസ്ഥ. ആ ദരിദ്രനും മരിച്ചു; എത്തിയത് സ്വർഗ്ഗത്തിൽ. കേട്ടിരുന്ന കുട്ടികളുടെ മുഖം പ്രസന്നമായി. ടീച്ചർ ചോദിച്ചു; നിങ്ങൾക്ക് ആരെപ്പോലെ ജീവിക്കണം? ടോമി ചാടിപ്പറഞ്ഞു. ഭൂമിയിൽ ധനവാനെപ്പോലെയും സ്വർഗ്ഗത്തിൽ ലാസറിനെപ്പോലെയും.

ടോമി പറഞ്ഞപ്രകാരം ആഗ്രഹിച്ച ഒരാളെ ശമു. 23:16 മുതൽ കാണാം. ദാവീദിന്റെ ഗുണകാംഷിയായ യോനാഥാൻ ആണ് ആ വ്യക്തി. കവിണയും കല്ലും ഉപയോഗിച്ച് മല്ലനെ കൊന്നതു മുതൽ യോനാഥാൻ ഉറപ്പിച്ച ദാവീദാണ് അടുത്ത രാജാവ്. 23 ന്റെ 16 ൽ അതു വ്യക്തമാക്കുന്നുമുണ്ട്. നീ യിസ്രയേലിലെ രാജാവാകും. അന്ന് ഞാൻ നിനക്ക് രണ്ടാമനായിരിക്കും. അങ്ങനെ അവർ ദൈവസന്നിധിയിൽ ഉടമ്പടി ചെയ്തു. തുടർന്ന് ദാവീദ് കാട്ടിൽ താമസിച്ചു. യോനാഥാൻ വീട്ടിലേയ്ക്ക് പോയി. ഉടമ്പടിക്കുശേഷം യോനാഥാൻ ദാവീദിന്റെ കൂടെ പാർക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്യാതിരുന്നതിനാൽ ഫെലിസ്ത്യർ ആക്രമിച്ച് യോനാഥാനെ കൊല്ലുവാൻ ഇടയായി എന്ന് 1 ശമുവേൽ. 31:2 ൽ വായിക്കുന്നു. ഉടമ്പടി നിഷ്ഫലമായി.

ഇതുപോലെ ഉടമ്പടി ചെയ്ത രണ്ടുപേരാണ് നവോമിയും രൂത്തും നവോമി രൂത്തിനോട് സ്വദേശത്തേയ്ക്ക് മടങ്ങി പോയ്ക്കൊള്ളാൻ പറഞ്ഞു. അപ്പോൾ രൂത്ത് പറഞ്ഞത് രൂത്ത് 1:16 മുതൽ വായിക്കുന്നു. "നിന്നെ വിട്ടുപിരിയാൻ പറയരുതേ. നീ പോകുന്ന ഇടത്ത് ഞാനും പോരും, നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം, നീ അടക്കപ്പെടുന്ന ഇടത്ത് ഞാനും അടക്കപ്പെടും". ആ ഉടമ്പടിയിൽ അവർ ഒരുമിച്ച് പാർത്തു. ഫലമോ യേശുകർത്താവിന്റെ വംശാവലിപ്പട്ടികയിൽ രൂത്ത് ഇടം പിടിച്ചു. നാമും കർത്താവുമായി റോമർ. 10:9 പ്രകാരം ഉടമ്പടി ചെയ്തവരാണ് 2 തിമോ. 2 ന്റെ 11 പ്രകാരം ചിലതു സഹിച്ചും ചിലതു ക്ഷമിച്ചും പോയാൽ കർത്താവിന്റെ കൂടെ വാഴാം. അതിന് സർവ്വശക്തൻ സഹായിക്കട്ടെ. ●


Fortnightly
Vol. 42 Issue 33
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas,** Cheppad
Tel. +91 9495162788
Sub Editor:
**A.D. James**
Tel. +91 9446814115
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875



**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2025-27
Licence No: KL/TV(S)/WPP/251/2025-27
Licensed to Post without prepayment
Date of Publishing: 04-01-2025
If undelivered please return to:
Managing Editor
Suviseshadhwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121.




Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum